

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
100@
2019-20
ജി എച്ച് എസ് എസ്
തായന്നൂർ

# ജി എച്ച് എസ് തായന്നൂരിന്റെ

# 100@2020



# ശതാബ്ദിയുടെ നിറവിൽ തായന്നൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

കോടോം ബേളൂർ പഞ്ചായത്തിൽ തെക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന സ്ഥലമാണ് തായന്നൂർ. തലമുറകൾക്ക് താങ്ങായും തണലായും അക്ഷര വെളിച്ചം പകർന്ന് ഇന്നും കെടാതെ കത്തി നിൽക്കുന്ന തായന്നൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ ശതാബ്ദിയുടെ നിറവിലാണ്. 1920 ലാണ് ആലത്തടി തറവാടിന്റെ പത്തായപ്പുരയിൽ ഈ വിദ്യാലയം ജന്മം കൊണ്ടത്.  ശതാബ്ദി ഉദ്ഘാടനം ബഹു. റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവഹിച്ചു. ശാതാബ്ദിയുടെ ഭാഗമായി ഓരോ മാസവും വ്യത്യസ്ത പരിപാടികൾ ആസൂത്രണം ചെയ്തു.ഓഗസ്റ്റ് 21 ന് പൂർവ അധ്യാപകരുടെ ഒരു മഹാസംഗമം സംഘടിപ്പിച്ചു. നവംബർ 2 ന് പ്രദേശത്തെ ചിത്ര പ്രദർശനം, കാർഷിക ഉപകരണ പ്രദർശനം, ശാസ്ത്ര ഗണിത കൗതുകങ്ങൾ, യുദ്ധഭൂമിയിലെ നേർക്കാഴ്ചകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുള്ള expo @100 പ്രദേശവാസികൾക്ക് തികച്ചും വേറിട്ട ഒരു അനുഭമായിരുന്നു. ശതാബ്ദിയുടെ ഭാഗമായി തന്നെ ഡിസംബർ 28 ന് പൂർവ്വവിദ്യാർഥി മഹാ സംഗമവും,ശതാബ്ദി ഫുട്ബോൾ മത്സരവും സംഘടിപ്പിച്ചു.

തായന്നൂർ ഗവ.ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഈ വർഷവും ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. കുട്ടികളിലെ സർഗ്ഗവാസനകള് പരിപോഷിപ്പിക്കുന്നതിനുംഅതോടൊപ്പം വിവരസാങ്കേതിക രംഗത്തെ സാധ്യതകൾ കൂടി പരിചയപ്പെടാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു എന്നതു കൊണ്ട് തന്നെ ഈ ഉദ്യമത്തിന് സർവ്വ വിധ ഭാവുകങ്ങളും ആശംസിക്കുന്നു.



സജിത ശ്രീകുമാർ
മെമ്പർ, കോടോം
ബേളൂർ ഗ്രാമപഞ്ചായത്ത്



ഗവ.ഹയർ സെക്കന്ററി സ്കൂൾ തായന്നൂരിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ കുട്ടികളുടെ ആഭിമുഖ്യത്തിൽഡിജിറ്റൽമാഗസിൻ പ്രസിദ്ധീകരിക്കുന്നു. പഠന,പാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്തുന്ന ഈ വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനങ്ങൾക്ക് മറ്റൊരു ഉദാഹരണം കൂടിയാണ് ഈ സംരഭം. ആയതിനാൽ സർവ്വവിധ പിന്തുണകളും അറിയിക്കുന്നതിനോടൊപ്പം വിജയാശംസകൾ നേരുകയും ചെയ്യുന്നു.

എ. സുരേഷ്
പി ടി എ പ്രസിഡന്റ്

ജി എച്ച് എസ് തായന്നൂർ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനായ നല്ല രീതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഈ സംരംഭത്തിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കും കൈറ്റ് മാസ്റ്റർക്കും മിസ്ട്രസിനും അഭിനന്ദനങ്ങൾ അറിയിക്കുന്നതിനോടൊപ്പം മറ്റ് കുട്ടികൾ ഇത് വായിച്ച് ഉൾക്കൊണ്ട് വരും വർഷങ്ങളിൽ ഇതിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ സജ്ജരാകട്ടെയെന്ന് ആശംസിക്കുന്നു



ഹെഡ്മാസ്റ്റർ

സെബാസ്റ്റ്യൻ മാത്യു

ജി എച്ച് എസ് തായന്നൂർ

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

| | |
|---|---|
| ചീഫ് എഡിറ്റർ | ഹെഡ്മാസ്റ്റർ |
| സ്ററാഫ് എഡിറ്റേഴ്സ് | ജയലത ഇ |
| | ഷീജ കെ ടി |
| സ്റ്റുഡന്റ് എഡിറ്റർ | ആദിത്യൻ പി (ലീഡർ) |
| അനീറ്റ പി എസ് | കൃഷ്ണപ്രിയ ടി വി |
| സോന കെ എസ് | വിശ്വശ്രീ പി |
| നീന ബി | സ്നേഹ പി |
| ചന്ദന സി | ശരണ്യ വി |
| ചിൻമയ കെ | സുബിൻ കെ പി |
| അപർണ്ണ പി | സച്ചിൻ വർഗീസ് |
| ശ്രേയസ്സ് പ്രസാദ് | സിദ്ധാർത്ഥ് വി കെ |

# തായന്നൂരിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-20



## യൂണിറ്റ് അംഗങ്ങളുടെ പേരുകൾ

ആദിത്യൻ പി (ലീഡർ)
കൃഷ്ണപ്രിയ
സനൽ മാധവൻ
അനീറ്റ പി എസ്
നീന ബി
ചന്ദന സി
ചിൻമയ കെ
അപർണ്ണ പി
ശ്രേയസ്സ് പ്രസാദ്
സോന കെ എസ്
നവീൻരാജ് പി

സിദ്ധാർത്ഥ് വികെ
ദീപക്ദിനേശ്
അരവിന്ദ് ലോഹിതാക്ഷൻ
വിശ്വശ്രീ പി
സ്നേഹ പി
ശരണ്യ വി
സുബിൻ കെ പി
സച്ചിൻ വർഗീസ്
സിദ്ധാർത്ഥ് കെ എസ്
നന്ദകിഷോർ പി നായർ

# ഉള്ളടക്കം

ആമുഖം........11
ഇന്നലെകൾ........12
അക്ഷരവെളിച്ചമേകി പ്രവേശനോത്സവം........26
പ്രവേശനോത്സവ കാഴ്ചകൾ........27
*ലോക പരിസ്ഥിതി ദിനം ജൂൺ 5*........28
........28
ശതാബ്ദി ഉദ്ഘാടനം........29
ആത്മനൊമ്പരത്തിലും ഒരു കൊച്ചു പ്രതീക്ഷ........30
ഓർമ്മച്ചിറകിൽ........31
EXPO@100........32
നല്ല ആഹാര ശീലം നല്ല ആരോഗ്യ ശീലം........33
ഓർമ്മക്കൂട്ട് "2019........35
അമ്മയെന്ന..................സ്നേഹസാഗരം........36
ശതാബ്ദി ഫുട്ബോൾ മേള...2019........37
കുഞ്ഞുപൂവ്........38
മടിമാറി........39
വലയസൂര്യഗ്രഹണം...2019 ഡിസംബർ.26........40
എലിയും..പൂച്ചയും........41
എന്റെ അവധിക്കാലം........42
പുളിക്കാത്തമുന്തിരി........43
പ്രതിഭകളിലേക്ക്........44
വിവിധ ക്ലബ്ബുകളുടെ പ്രവർത്തന റിപ്പോർട്ട്........45
സ്വാതന്ത്ര്യ ദിനാഘോഷം........46
പുഴയുടെ ഓർമ്മകൾ........47
ചാന്ദ്രദിനാചരണം........48
എലിയും പൂച്ചയും........49
ശാസ്ത്ര ജാലകം ക്യാമ്പ് (2019-20)........50
നല്ലമഴ........65
ഗണിത ലാബിൽ നിന്ന്........66
വേനലിൽ ഒരു മഴ........67
ജ്യാമിതിയുടെ പിതാവ്........68
അറിവിന്റെ ജാലകം........70
ശ്രീനിവാസ രാമാനുജൻ........73
ഗാന്ധി ജയന്തി ദിനാചരണം........74

ലിറ്റിൽകൈറ്റ്സ് ഏകദിനക്യാമ്പ്......75
അമ്മ......76
രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സ്......77
കുഞ്ഞുഭാവനകൾ......78

# ആമുഖം

അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന വിവര വിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയ ലോകത്തേക്കും പുത്തൻ പഠനാനുഭവത്തിലേക്ക് പറന്ന് വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉന്നത തലത്തിലേക്ക് എത്തിച്ചേരാനും സഹായകമാകുന്ന ഈ പുസ്തകം ലിററിൽ കൈററ്സ് കുട്ടികളുടെ പ്രവർത്തനത്തിന്റെയും കൂട്ടായ്മയുടെയും ഒരു പ്രതിരൂപമാണ്. ക്ലാസ്സ് റൂം പ്രവർത്തനത്തോടൊപ്പം തങ്ങളുടെയും വിദ്യാലയത്തിലെ മററു വിദ്യാർത്ഥികളുടെയും അഭിരുചികളെ പ്രോത്സാഹിപ്പിക്കുകയും അവരുടെ രചനകൾ ഡിജിറ്റൈസ് ചെയ്ത് വ്യത്യസ്ത വേഡ് പ്രൊസസ്സർ ഫയലുകളായി ശേഖരിച്ച് എഡിറ്റിങ്ങ് പൂർത്തിയാക്കുകയും അതിനെ വർണ്ണാഭമായി അവതരിപ്പിക്കുവാനും ഒരു പരിധിവരെ ഈ പുസ്തകം സഹായിക്കുകയും ചെയ്യുന്നു.

ഈ കൊച്ചു പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സർഗ്ഗ സൃഷ്ടികൾ വിദ്യർത്ഥികളെ അവരുടെ ഭാവനകളിൽ തന്നെ നിർത്താതെ സൃഷ്ടികളെ വിവര വിനിമയ സാങ്കേതിക വിദ്യയിൽക്കൂടി വൈദഗ്ധ്യം തെളിയിക്കുന്ന തരത്തിൽ ഉയർത്തി സർഗ്ഗാത്മകവും അന്വേഷണാത്മകവുമാക്കുന്ന തരത്തിൽ രൂപപ്പെടുത്തുവാനും ഈ സാങ്കേതിക വിദ്യയിൽ അഭിരുചിയും വൈദഗ്ധ്യവുമുള്ള തലമുറയെ രൂപപ്പെടുത്താൻ സാധിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു

കൈറ്റ് മാസ്റ്റർ & കൈറ്റ് മിസ്ട്രസ് ജയലത ഇ & ഷീജ കെ ടി

# ഇന്നലെകൾ

തായന്നൂർ:ഒരു തിരിഞ്ഞു നോട്ടം

*നെൽവയലിൻ ഗന്ധമേറ്റ്, കൊച്ചരുവികൾ തൻ ചിലമ്പൊലി*

*കേട്ട്, ഐക്യത്തിന്റെ, അറിവിന്റെ, സംസ്കാരത്തിന്റെ ചിറകിലേറി*

*കുന്നുകൾക്കിടയിൽ , താഴെയായി ഒരു ഊര് തായന്നൂർ.*




കോടോം ബേളൂർ പഞ്ചായത്തിൽ തെക്ക പടിഞ്ഞാറായി, സ്ഥിതി ചെയ്യുന്ന ഗ്രാമം.തായന്നൂർ, എണ്ണപ്പാറ, പനയാർകുന്ന്, സർക്കാരി, അട്ടക്കണ്ടം, ചെറളം, എട്ടുപൊതിപ്പാട്, ബഡൂർ, തൊട്ടിലായി, വേങ്ങച്ചേരി, കുറ്റിയടുക്കം, പേരിയ വെണ്ണിക്കുന്ന്, അയ്യങ്കാവ്, പറക്കളായി, കാലിച്ചാനടുക്കം, തുടങ്ങിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാമം.

ഉയർന്ന പ്രദേശമായ എണ്ണപ്പാറക്കു താഴെയുള്ള ഊര് വാമൊഴിയിൽ തായന്നൂര് ആയി രൂപാന്തരപ്പെട്ടു എന്നു കരുതപ്പെടുന്നു. ജീവിതത്തിനു വേണ്ട പ്രാഥമിക സൗകര്യങ്ങൾ - വെള്ളം, വെളിച്ചം, വിദ്യാലയം, റോഡ്, ആരാധനാലയങ്ങൾ,

സാംസ്കാരിക കേന്ദ്രങ്ങൾ- എല്ലാം ഇന്ന തായന്നൂരിലുണ്ട്. ഇവയെല്ലാം നേടിയെടുത്തതിനു പിന്നിൽ ഒരു തളരാത്ത സർഗശക്തിയുടെ, കൂട്ടായ്മയുടെ കഥയുണ്ട്. തറവാട്ടു കാരണവന്മാരുടെയും, കുടിയേറ്റക്കാരുടെയും നിരന്തര പരിശ്രമമുണ്ട്.

## തലമുറകൾക്ക് താങ്ങായ് തണലായ്
## അക്ഷരവെളിച്ചം പകർന്ന്
## തായന്നൂർ ഗവ ഹയർസെക്കണ്ടറി സ്കൂൾ

ശതാബ്ദിയുടെ[1] നിറവിലെത്തി നിൽക്കുന്ന നമ്മുടെ വിദ്യാലയം ജന്മം കൊണ്ടത് ആലത്തടി പത്തായപ്പുരയിലാണ്. 1920 ൽ തായന്നൂരിലെ ആദ്യവിദ്യാലയം സ്ഥാപിക്കാൻ മുൻകൈ എടുത്തത് ആലത്തടി മലൂർ തറവാട്ടു കാരണവരായിരുന്നു.അക്കാലത്ത് ബേളൂർ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിദ്യാലയം ആലത്തടി തറവാട് ഏറ്റെടുത്ത് നടത്തുകയായിരുന്നു.



**തറവാടിന്റെ പത്തായപ്പുരയിൽ 32 കുട്ടികളുമായി തായന്നൂരിന്റെ ആദ്യവിദ്യാലയം .**

പ്രഥമ പ്രധാനാധ്യാപകൻ ശ്രീ.കെ വി ഗോവിന്ദപ്പൊതുവാളായിരുന്നു. ശ്രീ.പാലക്കിവീട്ടിൽ കോരൻ മാസ്റ്റർ ആദ്യകാല അധ്യാപകരിലൊരാളാണ്. വിദ്യാർഥികൾക്കും അധ്യാപകർക്കും ഉച്ചഭക്ഷണം ആലത്തടി തറവാട്ടിൽ നിന്നു തന്നെ കൊടുക്കുമായിരുന്നു, എടുത്തു പറയേണ്ട കാര്യമാണ്. മാത്രമല്ല, കുട്ടികളെ വിദ്യാലയത്തിലേക്കു കൊണ്ടു വരാനായി ഒരു സഹായിയെയും തറവാട്ടിൽ നിന്നും ഏർപ്പെടുത്തിയിരുന്നു.

1 2019 – 20 സ്കൂളിന്റെ ശതാബ്ദി വർഷമായി ആചരിക്കുന്നു

## പുതു തലമുറ ആദ്യ വിദ്യാലയം സന്ദർശിച്ചപ്പോൾ

1945 ൽ ഈ വിദ്യാലയം തായന്നൂരിലേക്ക മാറി.1952 നമുമ്പ് യു പി സ്കളായി ഉയർന്നു.അപ്പോഴും സ്കളിന്ന സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ലായിരുന്നു. തായന്നൂർ മഹാവിഷ്ണ ക്ഷേത്രത്തിനടുത്തുള്ള കീപ്പേരി തറവാട് വക കെട്ടിടത്തിലാണ് അക്കാലത്ത് സ്കൂൾ പ്രവർത്തിച്ചത്.ഇപ്പോള് ഉദയക്ലബ്ബ് പ്രവർത്തിക്കുന്നത് ഈ കെട്ടിടത്തിലാണ്.

ആദ്യകാല അധ്യാപകരിൽ ചിലരാണ് സർവ്വശ്രീ മങ്കത്തിൽ കുഞ്ഞമ്പുനായർ, നാരായണൻ നമ്പീശൻ,സി എം കുഞ്ഞമ്പുനായർ, മങ്കത്തിൽ കണ്ണൻ, ശ്രീധരൻ, ചാക്കോ പുഷ്പഭവൻ, അന്നക്കുട്ടി പുഷ്പഭവന് തുടങ്ങിയവർ.

### പഠനം ഏഴാം ക്ലാസ്സു വരെ

ഹൈസ്കളില്ലാതിരുന്നതിനാൽ ഇവിടെ പഠിച്ചിരുന്ന കുട്ടികൾ ഏഴാം ക്ലാസ്സോടെ പഠനം നിർത്തുകയായിരുന്നു പതിവ്. തുടർന്നു പഠിക്കണമെങ്കിൽ നീലേശ്വരം രാജാസ്സിലോ, കാഞ്ഞങ്ങാട് ദുർഗയിലോ രാജപുരം ഹോളി ഫാമിലിയിലോ എത്തണം. റോഡോ വാഹനങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് ദൂരം പഠനത്തിനു തടസ്സമായി.

## ഹൈസ്കൂൾ

1973 -74 ൽ നമ്മുടെ വിദ്യാലയം ഹൈസ്കൂളായി ഉയർന്നു. പക്ഷേ അക്കാലത്തെ ഏതൊരു സർക്കാർ സ്കൂളിന്റെയും പരാധീനതകൾ ഈ സ്കൂളിനുമുണ്ടായിരുന്നു.സ്ഥലം, കെട്ടിടം,അധ്യാപകർ,പഠിക്കാൻ കുട്ടികൾ







വരെ.എങ്കിലും ക്ലാസ്സ് ആരംഭിച്ചു.എട്ടാം ക്ലാസ്സിനു സ്ഥലമൊരുക്കിയത് യു. പി. സ്കൂളിൽ നിന്നും കുറച്ചകലെയായിരുന്നു.തായന്നൂരിൽ ഇപ്പോൾ ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നതിനടുത്തായി ഒരു രണ്ടു മുറി കെട്ടിടം.കയ്യൂർ സ്വദേശിയായ

ശ്രീ.എ.എം. നാരായണൻ നമ്പീശൻ ആയിരുന്നു,ആദ്യത്തെ ഹെഡ്മാസ്റ്റർ.അദ്ദേഹത്തിനു ഹെഡ്മാസ്റ്ററിന്റെ ചുമതലകൾ നിർവഹിക്കണം,ഒപ്പം കുട്ടികളെ എല്ലാവിഷയങ്ങളും പഠിപ്പിക്കുകയും വേണം.ഹിന്ദി തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുവാൻ യു പി യിലെ അധ്യാപകർ സഹായത്തിനെത്തും.തൊട്ടടുത്ത വർഷം യു പി സ്കൂളിനടുത്ത് ഓലഷെഡ് പണിത് ഹൈസ്കൂളും അങ്ങോട്ട് മാറി.ഷെഡുണ്ടാക്കാനുള്ള കവുങ്ങിൻതടിയും ഓലയും കുട്ടികൾ തന്നെയാണ് എത്തിച്ചുകൊടുത്തത്. അക്കാലത്ത് പി ടി എ പ്രസിഡണ്ട് ശ്രീ.കുടുക്കവളപ്പ് കുഞ്ഞനുനായരായിരുന്നു. ഹൈസ്കൂളാക്കി ഉയർത്താനും, എണ്ണപ്പാറയിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം തുടങ്ങാനും ശ്രമം നടത്തിയവരിൽ പ്രധാനി, ശ്രീ.ടി പി നാരായണൻനായർ കീപ്പേരിയാണ്.അന്ന് ആരോഗ്യമന്ത്രിയായിരുന്ന ശ്രീ. എൻ കെ ബാലകൃഷ്ണനും ശ്രീ. കീപ്പേരിയും സഹപാഠികളായിരുന്നുവെന്നത് സർക്കാരിൽ സ്വാധീനം ചെലുത്താൻ സഹായകമായി.

## ആദ്യത്തെ പത്താം ക്ലാസ്സ് പരീക്ഷ

നാരായണൻ നമ്പീശൻ മാസ്റ്ററിനു ശേഷം ഹെഡ്മാസ്റ്ററായി എത്തിയത്കൊല്ലം ചവറ സ്വദേശി ശ്രീ.സത്യവാൻ മാസ്റ്ററായിരുന്നു. ആദ്യത്തെ പത്താം ക്ലാസ്സിന് ഇവിടെത്തന്നെ പരീക്ഷ എഴുതാനുള്ള സാഹചര്യം ഒരുങ്ങിയത് സത്യവാൻ മാസ്റ്ററിന്റെ ശ്രമഫലമായാണ്. സർക്കാരിൽ നിവേദനം നൽകാനും, നാട്ടിൽ നിന്ന് പിരിവെടുത്ത് സേഫ് വാങ്ങുവാനും അദ്ദേഹം മുന്നിട്ടിറങ്ങി. ആദ്യ ബാച്ചിൽ 40 കുട്ടികൾ പരീക്ഷ എഴുതി. 27 കുട്ടികൾ വിജയികളായി.ഉയർന്ന മാർക്ക് 393. രണ്ടു പേർക്ക് ഫസ്റ്റ് ക്ലാസ്സ്.നിരവധി പരിമിതികൾക്കിടയിലെ ഈ വിജയം ഏറ്റവും തിളക്കമുള്ളതാണ്.

ആദ്യബാച്ചിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ ജി സേതുമാധവൻ പയ്യന്നൂരിൽ വിദ്യാമന്ദിർ കോളേജ് നടത്തുന്നു. ശ്രീ.ഗണേശൻ കുടുക്കവളപ്പ് കേരള പോലീസിൽ ചേർന്നു.ശ്രീ കുമാരൻ പി 1982 ൽ ഈ സ്കൂളിൽ തന്നെ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. ശ്രീ ബാബു കോട്ടൂർ സൈന്യത്തിൽ ചേർന്നു, പക്ഷേ ഒരപകടത്തിൽ മരണപ്പെട്ടു.

ഐക്കിവീട്, മുളങ്ങാട്ടിൽ തുടങ്ങിയ ഉദാരമതികളായ നാട്ടുകാരായ കുടുംബക്കാർ സംഭാവന ചെയ്തു, ഇപ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്ന

സ്ഥലത്ത്, 1979 ൽ പുതിയ ഇരുനില കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ സ്കൂളിനു സ്ഥലവും കെട്ടിടവും സ്വന്തമായി.

സ്കൂൾ ആരംഭിക്കുന്ന കാലത്ത് ഈ സ്ഥലം ബേളൂർ വില്ലേജിൽ പെട്ടിരുന്നതിനാലാവാം, ഗവ: ഹൈസ്കൂൾ ബേളൂർ തായന്നൂർ എന്നായിരുന്നു, പേര്. ബേളൂർ വില്ലേജ് വിഭജിച്ച് തായന്നൂർ വില്ലേജായെങ്കിലും സ്കൂളിന്റെ പേര് പഴയ പടി തുടർന്നു.ആ പേരു കൊണ്ട് ചില വൈഷമ്യങ്ങളുണ്ടായപ്പോൾ,പി. ടി. എ സർക്കാരിൽ അപേക്ഷ നൽകി.2000 ൽ ഗവ.ഹൈസ്കൂൾ തായന്നൂർ എന്നു പേരു മാറി.2007 ൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു.

## സാംസ്കാരികരംഗം

*"പട്ടിണിപ്പാവങ്ങളായിരുന്നു,നാട്ടിൽ അധികവും. അന്നന്നത്തെ അന്നത്തിനുള്ള വക അതാതു ദിവസം അധ്വാനിച്ചു നേടിയിരുന്നവർ.ജന്മികുടുംബങ്ങൾ വിശ്രമിക്കുകയും ഉറങ്ങുകയും ചെയ്യുമ്പോൾ നെല്ല് കുത്തുകയും, കഞ്ഞിവെയ്ക്കുകയും ചെയ്തു,അവർ.രാവിന്റെ നിശ്ശബ്ദതയിൽ ഉരലിൽ ഉലക്ക വീഴുന്നതിന്റെ ശബ്ദം നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉയരുമായിരുന്നു."*

*-രംഗമണ്ഡപം സുകുമാരൻനായർ*

ഉത്കൃഷ്ടമായൊരു സാംസ്കാരിക പാരമ്പര്യം നമ്മുടെ നാടിനുമുണ്ട്. ജീവിതവുമായി ബന്ധമുള്ള ഒട്ടേറെ കലാരൂപങ്ങളും കളികളും നമ്മുടെ പ്രദേശത്തും ഉണ്ടായിരുന്നു. പലതും ഇന്നു നാമാവശേഷമായിട്ടുണ്ട്. പൂരക്കളി, എരുതുകളി, മറത്തുകളി, മരമീടൻ, മംഗലംകളി തുടങ്ങിയവ അവയിൽ ചിലതാണ്.

ശ്രീ.എ.ഡി നായരുടെ നേതൃത്വത്തിൽ ആരംഭിച്ച രംഗമണ്ഡപം കലാസമിതി നിരവധി കലാകാരന്മാർക്ക് പ്രചോദനമായി. കലാസമിതിയുമായി ബന്ധപ്പെട്ടവരെല്ലാം നാടിന്റെ സാമൂഹിക സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു. കക്ഷിരാഷ്ട്രീയത്തിനതീതമായൊരു സംസ്കാരം സമിതി വളർത്തി.

1969 ൽ രംഗമണ്ഡപം, നാടകാവതരണത്തിനനുയോജ്യമായ, ഒരു ഓപ്പൺ എയർ തിയറ്റർ എൻ. സി.സി. (നെഹ്റു കൾചറൽ സെൻറർ) തായന്നൂരിൽ പണിയുകയുണ്ടായി.ഇന്ന് ബാലവാടി

കെട്ടിടം സ്ഥിതി ചെയ്യുന്നതിനടുത്തായിരുന്നു അത്. അഭിനേതാക്കളും, സംവിധായകരും, നാട്ടുകാർ തന്നെയായിരുന്നു, എന്നത് സ്മരണീയം, ആസ്വാദകരും. ഈ തിയേറ്റർ ഭാഗികമായി നശിച്ച നിലയിൽ അടുത്ത കാലം വരെയുണ്ടായിരുന്നു. കാവുകൾ നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിനു മാറ്റു കൂട്ടുന്നു. നെരോത്തു കാവിൽ വർഷം തോറും അരങ്ങേറുന്ന അനുഷ്ഠാനകലയായ തെയ്യം മതസൗഹാർദ്ദത്തിനു കളമൊരുക്കുന്നു. ഈ കാവ് 10 ഏക്കറിലധികം പ്രദേശത്ത് വ്യാപിച്ചു കിടക്കുന്നു. വൻമരങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും ശേഖരം കാവിൽ ദർശിക്കാം. അപൂർവ്വമായ പത്തായപ്പക്ഷിയെയും കാവിൽ കാണാം. ഹിന്ദുമതവിശ്വാസികള് ഭൂരിപക്ഷമുള്ള പ്രദേശമാണ് തായന്നൂർ എങ്കിലും, ക്രിസ്ത്യൻ, ഇസ്ലാം മത വിശ്വാസികളും ഇവിടെ സ്പർദ്ധയില്ലാതെ വസിക്കുന്നു.

ഈ ദേശത്തിന്റെ മഹത്തായ ചരിത്രം ഇവിടെ പൂർണമല്ല, എങ്കിലും ലഭ്യമായ,പരിമിതമായ, വിവരങ്ങൾ ഇവിടെ കുറിച്ചു എന്നു മാത്രം. *തായന്നൂർ സ്കൂളിന്റെ 98-99 അധ്യയനവർഷത്തെ മൂന്നാം ക്ലാസ്സ് വിദ്യാർഥികൾ പരിസരപഠനത്തിലെ "നാടിനെ അറിയാൻ" എന്ന പഠനപ്രവർത്തനത്തിന്റെ ഭാഗമായി, നടനും വാഗ്മിയും സാമൂഹികപ്രവർത്തകനുമായ ശ്രീ.രംഗമണ്ഡപം സുകുമാരൻനായർ, അധ്യാപകനും കവിയുമായ ശ്രീ. കുമാരൻ പേരിയ എന്നിവരുമായി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ കുറിപ്പിലെ ഭൂരിഭാഗം കാര്യങ്ങളും.*

*റ്റെസി ജോർജ്*

# അക്ഷരവെളിച്ചമേകി പ്രവേശനോത്സവം

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ തായന്നൂർ

## പ്രവേശനോൽസവം റിപ്പോർട്ട്

06-06-2019



തികച്ചും വർണ്ണാഭമായിരുന്നു തായന്നൂർ ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ ഈ വർഷത്തെ പ്രവേശനോത്സവം. വർണ്ണ ബലൂണുകൾ, വർണ്ണത്തൊപ്പികൾ, വർണ്ണശലഭങ്ങൾ എല്ലാം ആകർഷക നിറങ്ങളിൽ ഒരുക്കിയിരുന്നു. ഒന്നാം ക്ലാസ് പ്രവർത്തിക്കുന്ന ക്ലാസ് മുറികളും പ്രവേശനോത്സവ വേദി പരിസരവും വർണ്ണാഭമായി അലങ്കരിക്കുകയും ചെയ്തു.

പ്രാർത്ഥനയോടെ ആരംഭിച്ച ഉത്സവാഘോഷത്തിന് പ്രിൻസിപ്പാൾ കെ ആനന്ദവല്ലി സ്വാഗതമാശംസിച്ചു. പി ടി എ പ്രസിഡണ്ട് എ സുരേഷിന്റെ അധ്യക്ഷതയിൽ വികസന സമിതി ചെയർപേഴ്സണും വാർഡ് മെമ്പറുമായ സജിത ശ്രീകുമാർ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. മുഖ്യമന്ത്രിയുടെ സന്ദേശത്തിന്റെ വിതരണോദ്ഘാടനം നിർവ്വഹിച്ചത് വാർഡ് മെമ്പർ ലത ഗംഗാധരനാണ്. KESWA എന്ന പ്രവാസികളുടെ സംഘടന അവരുടെ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒന്നാം തരത്തിൽ പുതുതായി എത്തിയ കുട്ടികൾക്ക് പഠനോപകരണ കിറ്റ് വിതരണം ചെയ്തു. ബാഗ്, കുട, പൗച്ച് എന്നിവ അടങ്ങിയ കിറ്റ് വിതരണം ചെയ്യാൻ സംഘടനയെ പ്രതിനിധീകരിച്ച് അബൂബക്കർ എട്ടുപൊതിപ്പാട് എത്തിയിരുന്നു. വിദ്യാഭ്യാസമന്ത്രിയുടെ സന്ദേശം വായിച്ചത് പത്താം തരത്തിലെ അലീന ജെയിംസാണ്. എസ് എം സി ചെയർമാൻ പി ജെ വർഗ്ഗീസ്, സ്കൂൾ വികസന സമിതി വർക്കിംഗ് ചെയർമാൻ വി കരുണാകരൻ നായർ എന്നിവർ ആശംസകൾ നേർന്നു. ഹെഡ്മാസ്റ്റർ സെബാസ്റ്റ്യൻ മാത്യു നന്ദി രേഖപ്പെടുത്തി.

തുടർന്ന് വർണ്ണത്തൊപ്പികളണിഞ്ഞ പിഞ്ചോമനകളെ വിശിഷ്ടാതിഥികളും രക്ഷിതാക്കളും അധ്യാപകരുമെല്ലാം ചേർന്ന് അവരുടെ ക്ലാസിലേക്ക് ആനയിച്ചു. പ്രവേശനോത്സവഗാനം അകമ്പടിയായി ഉണ്ടായിരുന്നു. മൂന്ന് ഹൈഡ്രജൻ ബലൂണുകൾ പ്രവേശനോത്സവത്തിന്റെ ഭാഗമായി വിക്ഷേപിച്ചു. അധ്യാപക രക്ഷാകർതൃ സംഘടനയുടെ വകയായി സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മിൽമയുടെ മിൽക് പേഡ വിതരണം ചെയ്തു.





## പ്രവേശനോത്സവ കാഴ്ചകൾ



## ലോക പരിസ്ഥിതി ദിനം ജൂൺ 5

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ തായന്നൂർ

**പരിസരദിനാഘോഷം റിപ്പോർട്ട്**

07-06-2019



തായന്നൂർ സ്കൂൾ കോമ്പൗണ്ടിൽ വൃക്ഷത്തൈകൾ നട്ടും പരിസ്ഥിതി പ്രവർത്തകനായ കെ രാമചന്ദ്രനെ ആദരിച്ചും കുട്ടികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തും കോടോം ബേളൂർ ഗ്രാമപഞ്ചായത്തുതല പരിസര ദിനാഘോഷം ഉദ്ഘാടനം തായന്നൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു.

ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എ ഭൂപേഷിന്റെ അധ്യക്ഷതയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് സി കുഞ്ഞിക്കണ്ണൻ ദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി പ്രവർത്തകനും ചിത്രകാരനുമായ അന്താരാഷ്ട്ര അവാർഡ് ജേതാവ് കെ രാമചന്ദ്രനെ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പൊന്നാട അണിയിച്ചും മൊമെന്റോ നൽകിയും ആദരിച്ചു. കെ രാമചന്ദ്രൻ പരിസ്ഥിതി ദിന സന്ദേശം നൽകി. ഗ്രാമ പഞ്ചായത്ത് അംഗം സജിത ശ്രീകുമാർ വൃക്ഷത്തൈ വിതരണം ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡണ്ട് എ സുരേഷ് ആശംസകൾ നേർന്നു. പ്രിൻസിപ്പാൾ കെ ആനന്ദവല്ലി സ്വാഗതവും ഹെഡ്മാസ്റ്റർ സെബാസ്റ്റ്യൻ മാത്യു നന്ദിയും പറഞ്ഞു.





# ശതാബ്ദി ഉദ്ഘാടനം




ശതാബ്ദിയാഘോഷം മന്ത്രി ഇ ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു


ശതാബ്ദിയാഘോഷം മന്ത്രി ഇ ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു


തായന്നൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ ശതാബ്ദി നിറവിൽ





# ആത്മനൊമ്പരത്തിലും ഒരു കൊച്ചു പ്രതീക്ഷ

ശ്രുതി ജനലിലൂടെ പുറത്തേക്ക് പ്രതീക്ഷയോടെ കണ്ണും നട്ടിരിക്കുകയായിരുന്നു.അവളുടെ ശ്രദ്ധ ഒരു പൂച്ചക്കുഞ്ഞിന്റെ കരച്ചിലിലേക്ക് വഴിമാറി. പുറത്തെ മഴയിൽ പൂച്ചക്കുഞ്ഞിന്റെ ശബ്ദം അവ്യക്തമായി കേൾക്കാം. അവൾ ശബ്ദം കേട്ട ദിക്കിലേക്ക് നടന്നു. പൂച്ചക്കുഞ്ഞ് വരാന്തയിലാണ്. എന്നെപ്പോലെ പൂച്ചക്കുഞ്ഞും പ്രതീക്ഷയോടെ ഒരു ദിക്കിലേക്ക് നോക്കിയിരിക്കുകയാണ്. പെട്ടെന്ന് എന്റെ വലതു തോളിൽ ഒരു കൈ അതെന്റെ ചേച്ചിയായിരുന്ന ശ്രീദേവി. ചേച്ചിയുടെ മുഖവും പ്രതീക്ഷയോടെയാണ്. “വരും വിഷമിക്കാതെ" ഇതു മാത്രമേ ചേച്ചി എന്നോട് പറഞ്ഞുള്ളൂ. ചേച്ചി അകത്തേയ്ക്ക് പോയി. ഞാൻ കുട്ടികളുടെ അടുത്തേയ്ക്കും. ക്യാംപിലുള്ളവരുടെ കൺമണിയാണ് ഒരു വയസ്സുകാരി ദിയ. സ്വന്തമെന്നു പറയാൻ ആരുമില്ലാത്ത ദിയയെ കാണുമ്പോൾ ദിയയുടെ ചിരി കാണുമ്പോൾ ആരൊക്കെയോ ഉള്ളതായി തോന്നും. ദിയ വന്നിട്ട് രണ്ട് ദിവസമായി. ഞാൻ വന്നിട്ട് ഒരു ദിവസമായതേയുള്ളൂ. ഇപ്പോഴും വരുന്നവരുണ്ട്. ദാ ഇപ്പോഴും വന്നു ഒരു കുടുംബം. അച്ഛനും അമ്മയും ഒരു കൈക്കുഞ്ഞും. ആ കുഞ്ഞ് ഒന്നും അറിയുന്നില്ല. ആകുഞ്ഞ് മാത്രമല്ല ഇവിടെയുള്ള ഒരു കുഞ്ഞിനും ഒന്നും അറിയില്ല. നാലു മണിയുടെ കാപ്പിയും റൊട്ടിയുമായിസംഗീതച്ചേച്ചിവന്നുകഴിഞ്ഞുഒപ്പംകവിതച്ചേച്ചിയും.വാങ്ങിയില്ലെങ്കിൽ സംഗീതച്ചേച്ചി പിണങ്ങും. എന്തിനാണ് സംഗീതച്ചേച്ചിയെ പിണക്കുന്നതെന്നു കരുതി വാങ്ങും. ഒന്നുമില്ലേലും ഒരു പഞ്ചായത്ത് പ്രസിഡന്റല്ലേ.സംഗീതച്ചേച്ചിക്ക് നഷ്ടമായത് പത്ത് ലക്ഷത്തിന്റെ വീടാണെങ്കിൽ ,മേരിച്ചേച്ചിക്ക് നഷ്ടമായത് മാത്യുച്ചേട്ടനെയാണെങ്കിൽ, രമണിച്ചേച്ചിക്ക് നഷ്ടമായത് ഗാമുവിനെയാണെങ്കിൽ , ഔസേപ്പച്ചേട്ടന് നഷ്ടമായത് പതിനഞ്ച് ലക്ഷത്തിന്റെ വീടാണ്. അവരുടെ കഥകൾ കേട്ടിരുന്നപ്പോൾ സംഗീതച്ചേച്ചി ചോദിച്ചു.കിടക്കുന്നില്ലേ? ഉം എന്നൊന്ന് മൂളുക മാത്രം ചെയ്തു. ചേച്ചി വന്ന് പറഞ്ഞു "വാ കിടക്കാം" കുട്ടികളുടെ ബഹളമില്ലായ്മയും മുതിർന്നവരുടെ കഥപറച്ചിലും എന്നെ നിദ്രയിലേക്ക് പിടിച്ചുവലിച്ചു. കണ്ണുതുറന്നപ്പൾ ശ്രീദേവി ചേച്ചി മുന്നിൽ കയ്യിൽ ആവി പറക്കുന്നകുന കാപ്പിയും. “എഴുന്നേറ്റ് വാ" എന്ന് പറഞ്ഞ് ചേച്ചി ബെഞ്ചിലിരുന്നു. പാതി പ്രഭാതകൃത്യങ്ങൾ നടന്നു. ആവി പറക്കുന്ന കാപ്പി ഊതിക്കുടിക്കുമ്പോൾ എന്റെ പ്രതീക്ഷയെ തകർക്കുന്ന ആ സങ്കടവാർത്ത ഞാൻ അറിഞ്ഞു. ചേച്ചി പൊട്ടിക്കരയുന്നതു കേൾക്കാം. എന്റെ പാതി ബോധം പോയി. പൂച്ചക്കുഞ്ഞിന്റെ ശബ്ദം മഴയിൽ അവ്യക്തമായി കേൾക്കാം. ശബ്ദം കേട്ട ദിക്കിലേക്ക് നടന്നു. പൂച്ചക്കുഞ്ഞിനെ കണ്ടു അരികിൽ അമ്മയെയും. പൂച്ചക്കുഞ്ഞിന്റെ പ്രതീക്ഷ തിരികെ ലഭിച്ചു. എന്നാൽ ദൈവം ആ ജീവനെ തിരികെ വാങ്ങിയിരുന്നു. എന്റെ കാര്യവും അങ്ങനെ തന്നെ. ഒരു നിമിഷം ആരും കാണാതെ പൊട്ടിക്കരഞ്ഞു. തോളിൽ ഒരു കൈ പ്രത്യക്ഷപ്പെട്ടു. നോക്കിയപ്പോൾ അച്ഛൻ. അച്ഛനെ കെട്ടിപ്പിടിച്ച് ഞാൻ പൊട്ടിക്കരഞ്ഞു.

അലീന ജോയ്

9 എ

# ഓർമ്മച്ചിറകിൽ









# EXPO@100












# നല്ല ആഹാര ശീലം നല്ല ആരോഗ്യ ശീലം

ഒരു കുട്ടിയുണ്ടായിരുന്നു. പേര് ഹരി. ഹരി മഹാവികൃതിയായ കുട്ടിയായിരുന്നു ഹരിക്ക് സ്കൂളിൽ പോകാൻ മടിയായിരുന്നു. എങ്കിലും അവന്റെ അമ്മ എന്തെങ്കിലും പറഞ്ഞ് സ്കൂളിലേക്ക് അയയ്ക്കും. പഠിക്കുന്നത് ശ്രദ്ധിക്കാതെ എന്തൊക്കെയോ കാണിച്ചു കൂട്ടും. ഉച്ചയൂണിന് അമ്പലത്തിൽ പൂജകഴിക്കുന്നതു പോലെ പച്ചക്കറി കഷണങ്ങൾ കളഞ്ഞുകൊണ്ടിരിക്കും. ചോറ് ആവശ്യത്തിന് വാങ്ങാതെ പകുതി കളയും. കാശ് ആരും അറിയാതെ എടുത്ത് മിഠായി വാങ്ങിക്കഴിക്കും. ഇത് പതിവായി. സ്കൂളിൽ പോകാതെ മടിക്കുന്ന ഹരിയെ പറഞ്ഞ് സ്കൂളിലേക്ക് അയയ്ക്കുമ്പോൾ പൈസ കിട്ടിയാലെ ഞാൻ സ്കൂളിൽ പോകുമെന്ന് അമ്മയെ വിലക്കി അമ്മ പൈസ കൊടുത്ത് കൊണ്ടിരുന്നു. അവൻ LAYS,COLA മിഠായി തുടങ്ങിയവ കഴിക്കാൻ തുടങ്ങി. ഇതും പതിവായി. അങ്ങനെയിരിക്കെ മോശം ആഹാരശീലം പിന്തുടർന്നതുകൊണ്ട് അസുഖം ഹരിക്ക് പിടിപെട്ടു. അമ്മ അവനെ പല ആശുപത്രിയിലും കാണിച്ചു. അവരൊന്നും ഇതിന് മറുപടി പറഞ്ഞില്ല. രോഗം ഇതായിരുന്നു. അവന്റെ ശരീരം മെലിഞ്ഞു. ശരീരസ്ഥിതി തളർന്നു. അവൻ പെട്ടെന്ന് കിടപ്പിലായി. അവസാനം അമ്മ തന്നെ ഇതിന് പരിഹാരം കണ്ടുപിടിച്ചു. അമ്മ അവന് പോഷകഘടകങ്ങൾ അടങ്ങിയ ഭക്ഷണം നൽകി. ആദ്യം വേണ്ട എന്നു പറഞ്ഞാലും മനസ്സില്ലാ മനസ്സോടെ അമ്മ നൽകിയ ഭക്ഷണം മുഴുവനും കഴിച്ചു. അവൻ നല്ല ആഹാര ശീലം പിന്തുടർന്നു. ഹരിക്ക് അവന്റെ നല്ല ആരോഗ്യം തിരിച്ചു ലഭിച്ചു. ഹരി ഇതിൽ നിന്ന് നല്ല പാഠം പഠിച്ചു. അവൻ സ്കൂളിലേക്ക് പോകാൻ തുടങ്ങി. പഠിപ്പിൽ മുന്നേറി. പച്ചക്കറി കഷ്ണങ്ങൾ കളയാതെ കഴിക്കാൻ തുടങ്ങി. ആവശ്യത്തിന് ഭക്ഷണം വാങ്ങിക്കഴിക്കാൻ തുടങ്ങി. അങ്ങനെ ഒരു ദിവസം ഹരി സ്കൂളിൽ നിന്ന് പോരും വഴി ജിത്തു എന്ന തന്റെ കൂട്ടുകാരൻ തന്നെ പോലെ lays, cola,മിഠായികൾ കഴിക്കുന്നതു കണ്ടു. അവൻ അവിടെ കണ്ട കാഴ്ച അമ്മയോട് പറഞ്ഞു. അമ്മ അവന് നല്ല ഉപദേശങ്ങൾ നൽകി. മോൻ ഇനി ജിത്തുകഴിക്കുന്നതു കണ്ടാൽ അവനെ പറഞ്ഞ് മനസ്സിലാക്കണം. പതിവു പോലെ ഹരി ആ കാഴ്ച തന്നെ കണ്ടു. ഹരി അവന് നല്ലത് പറഞ്ഞ് കൊടുത്തു. ഹരി തനിക്ക് സംഭവിച്ച കാര്യം ജിത്തുവിന് പറഞ്ഞു കൊടുത്തു. ജിത്തു ഇതൊന്നും കൂട്ടാക്കാതെ ലെയിസ്, മിഠായി കഴിക്കാൻ തുടങ്ങി. ഹരി ഈ മോശം ആഹാരശീലം പിന്തുടർന്നാൽ അത് നിന്റെ ആരോഗ്യത്തെ ബാധിക്കും ഇതും കൂടെ പറഞ്ഞ് അവിടെ നിന്ന് മറഞ്ഞു. ജിത്തു മോശം ആഹാരം പിന്തുടർ

ന്നുകൊണ്ടിരിക്കെ ജിത്തുവും ആരോഗ്യവും മോശമായിത്തീർന്നു. ജിത്തു ചിന്തിച്ചു. ഹരി പറഞ്ഞതത് ചെയ്താൽ മതിയായിരുന്നു. ഇനി പറഞ്ഞിട്ടെന്തു കാര്യം. ജിത്തു വിഷമത്തിൽ മനസ്സിൽ ആലോചിച്ചു. ഹരി പറഞ്ഞത് ഇനി ചെയ്താൽ എനിക്ക് ആരോഗ്യം കിട്ടും. അമ്മ ജിത്തുവിനെ ആശുപത്രിയൽ കാണിക്കാൻ നേരം ജിത്തു പറഞ്ഞു. എനിക്ക് അമ്മയുണ്ടാക്കുന്ന ഭക്ഷണം തന്നാൽ മതി. ജിത്തു അമ്മയുണ്ടാക്കുന്ന ഭക്ഷണം സ്ഥിരമക്കിയതിനാൽ അവന് ആരോഗ്യം കിട്ടി. ജിത്തുവും പഠിപ്പിൽ മുന്നേറി. ഹരിയും ജിത്തുവും കൂട്ടുകാരുമായി.നല്ല ആഹാരശീലത്തിനെക്കുറിച്ച് പങ്കുവച്ചു. സമൂഹം ആഹാരശീലം നല്ലതാക്കി. സമൂഹം നന്നായി. ജിത്തുവിനെയും ഹരിയെയും നാട്ടുകാർ അഭിനന്ദിച്ചു. നല്ല ആരോഗ്യശീലം പിന്തുടരു നല്ല ആരോഗ്യം നേടൂ...

ശ്രീനന്ദ മാധവൻ

7 b

# ഓർമ്മക്കൂട്ട് "2019













# അമ്മയെന്ന..................സ്നേഹസാഗരം

അമ്മമാർക്ക് കുട്ടികളോടും കുട്ടികൾക്ക് അമ്മമാരോട് ഉള്ള സ്നേഹത്തിന്റെ ആഴം തൊട്ടറിഞ്ഞവരായിരിക്കും നിങ്ങളെല്ലാവരും. അമ്മയെന്ന പദം തന്നെ സ്നേഹത്തിൻറെ അക്ഷരക്കൂട്ടങ്ങൾ ആണ്. കുട്ടികൾക്ക് താങ്ങും തണലുമായ് അമ്മയുടെ സാമീപ്യം പകർന്നുതരുന്ന സുരക്ഷയ്ക്ക് പകരം വയ്ക്കാൻ മറ്റൊന്നും തന്നെയില്ല. ആ കരുതലും വാത്സല്യവും അനുഭവിച്ച് അറിഞ്ഞവർക്ക് ജീവിതകാലം മുഴുവൻ കുട്ടികൾക്കുവേണ്ടി കഷ്ടതകളും ത്യാഗങ്ങളും അനുഭവിച്ച അമ്മമാരെ കയ്യൊഴിയുന്നവരെ കുറിച്ചുള്ള വാർത്തകൾ കേൾക്കുമ്പോൾ മനസ്സിൽ തേങ്ങൽ ഉയരും . സ്നേഹനിധിയായ അമ്മയെ കുറിച്ചുള്ള ചിന്തകളിൽ ഓരോരുത്തരുടെയും മനസ്സിൽ തെളിയുക വ്യത്യസ്തമുഖഭാവങ്ങൾ ആയിരിക്കും . അമ്മയുമയുള്ളത് അറ്റുപോകാത്ത സ്നേഹബന്ധം ആണ്. ജീവിത യാത്രയിൽ എന്നും പ്രചോദനമാകുന്നത് അമ്മയുടെ മുഖമാണ്. അമ്മയുടെ വാക്കുകളാണ് ജീവിതവിജയം. ചിതറിത്തെറിച്ച മുത്തുകൾ പോലെയും ചക്രവാളത്തിൽ ഉദിച്ചുയരുന്ന സൂര്യനെ പോലെയും എല്ലാം ഓർമ്മകളെ ചിത്രീകരിക്കാം. പക്ഷേ ദുഃഖം ആകുന്ന കാർമേഘങ്ങൾ മനസ്സിനെ മൂട്ടുമ്പോൾ എല്ലാം മാഞ്ഞു പോകുന്നു . എല്ലാവരുടെയും മനസ്സിൽ അമ്മയെ കുറിച്ചുള്ള നല്ല ഓർമകളും ഭാവനയും തെളിഞ്ഞു വരട്ടെ എന്നാശംസിക്കുന്നു . അമ്മ എന്ന സ്നേഹ സാഗരത്തിന് മുന്നിൽ, കത്തിയെരിയുന്ന മാതൃത്വത്തിന് മുന്നിൽ നമുക്ക് ശിരസ്സ് നമിക്കാം.

നന്ദി....

കൃഷ്ണപ്രിയ . ടി . വി

# ശതാബ്ദി ഫുട്ബോൾ മേള...2019













# കുഞ്ഞുപൂവ്

വിടരാനൊരുങ്ങുന്ന കുഞ്ഞുപൂവ്
മഞ്ഞനിറമുള്ള കുഞ്ഞുപൂവ്
തൊട്ടിലാട്ടാനൊരുങ്ങുന്ന കുഞ്ഞുകാറ്റ്
മാല ചാർത്താനൊരുങ്ങി മഞ്ഞുതുള്ളി
താരാട്ടു പാടുവാൻ കോകിലവും
വീശിയുറക്കാൻ പൂമ്പാറ്റകളും
വണ്ടുകൾ  കിന്നാരം മൂളിയെത്തി
വെയിലൊളി പുഞ്ചിരി തൂകി നിന്നു
കണ്ണു തുറന്നു  ചിരിച്ചു നിന്നു
മഞ്ഞ നിറമുള്ള കുഞ്ഞുപൂവ്

നിഹാൽ

# മടിമാറി

മടിനായ ഒരു കരടിക്കുട്ടനാണ് ചിക്കുഒരു ദിവസം മുയൽക്കുട്ടൻമാർ ചിക്കുവിനോട് വന്നു പറഞ്ഞു ചേട്ടാ ഞങ്ങളുടെ മാളത്തിനു അരികത്ത് കുറേ മരച്ചില്ലകൾ വീണു. അതൊന്നു സഹായിക്കുമോഎന്നാൽ മടിയാനായ ചിക്കു അതുകേട്ട ഭാവം കാണിച്ചില്ല ഇതെല്ലാം മരക്കൊമ്പിലിരുലിരുന്ന കാക്ക കാണുന്നുണ്ടായിരുന്നു.സൂത്രക്കാരനായ കാക്ക പറഞ്ഞു ആ മരച്ചില്ലകൾ എടുത്തുമാറ്റിയിട്ട് ആ തേനും കുടിച്ചോളൂ.അപ്പോൾ തേൻ ഇലയിലേക്ക് വീണു.തേനെവിടെ? ചിക്കു ചോദിച്ചു.മടിയനായി നിന്ന ചിക്കുവിനോട് വെറുതെ പറഞ്ഞതാണ് തേനിന്റെ കാര്യം.എന്നായലും ചെയ്തുനിനക്ക് സമ്മാനമുണ്ട്.എന്നിട്ട് കാക്ക മാമ്പഴം ചിക്കുവിന് കൊടുത്തു അവന് സന്തോഷമായി.

GHSS THAYANNUR

അവന്തിക.ടി

# വലയസൂര്യഗ്രഹണം...2019 ഡിസംബർ.26







# എലിയും..പൂച്ചയും

ഒരിടത്തൊരു എലിയും പൂച്ചയും ഉണ്ടായിരുന്നു. ഒരിക്കൽ നടക്കുമ്പോൾ എലി പൂച്ചയുടെ കയ്യിൽ വന്നു പെട്ടു. എലി കുറേ നേരം കരഞ്ഞു. പൂച്ചയും വിട്ടില്ല. എലി പറഞ്ഞു നീ എന്നെ വെറുതെ വിട്ടാൽ ഞാൻ എപ്പോഴും നിനക്ക് സഹായം ചെയ്യും. പൂച്ച അതുകേട്ട് ചിരിച്ചു. ശരി ഇപ്പോൾ നീ പൊയ്ക്കോ പൂച്ച പറഞ്ഞു. എലി ഓടി അവൻറെ മാളത്തിൽ കയറി. കുറച്ചു ദിവസം കഴിഞ്ഞു. പിന്നീട് ഒരു ദിവസം പൂച്ച പുറത്തിറങ്ങി നടക്കുമ്പോൾ പെട്ടെന്നൊരു വലയിൽ കുടുങ്ങി. പൂച്ച ഉച്ചത്തിൽ കരഞ്ഞു. അവിടെയായിരുന്നു എലിയുടെ മാളം ഉള്ളത്. എലി പൂച്ച കരയുന്നത് കേട്ട് ഓടി വന്നു. അപ്പോൾ പൂച്ച വലയിൽ കിടക്കുന്നതാണ് കണ്ടത് . എലി കുറച്ചുസമയം ചിന്തിച്ചു. അപ്പോൾ എലിക്ക് ഒരു ഉപായം മനസ്സിൽ തോന്നി . എലി എന്ത് ചെയ്തെന്നോ ? . വല കടിച്ചുമുറിച്ച വല കീറിക്കളഞ്ഞു. പൂച്ച രക്ഷപ്പെട്ടു. പൂച്ചയ്ക്ക് സന്തോഷം വന്നു. എലി നന്ദി ഉള്ളവരാണെന്ന് പൂച്ച സമ്മതിച്ചു. നല്ലത് ചെയ്താൽ തനിക്കും നല്ലത് വരും എന്ന്പൂച്ചയ്ക്ക്മനസ്സിലായി.

തീർത്ഥഗോവിന്ദ്

3B

# എന്റെ അവധിക്കാലം

എനിക്ക് എന്താ എഴുതേണ്ടത് എന്ന് അറിഞ്ഞുകൂടാ" എൻെറ മനസ്സിൽ പെട്ടെന്ന് ന്ന ഒരു കഥയാണ്ഇത്.അവധിക്കാലം അത്ര രസം ഒന്നുമല്ല.മനസ്സിൽ തോന്നിയ എന്റെ ചങ്ങാതിമാരൊപ്പം രസിച്ച കാലം കഥപറയാൻ കുറേയുണ്ട്.ഞാൻ എല്ലാം ന്നൊന്നായിപ്പറയാം.സ്കൂൾ അടച്ച് വീട്ടിലിരുന്ന ദിവസം എനിക്ക് ഏറ്റവും സങ്കടമായിരുന്നു.കാരണം ആരും ഇല്ലാ എന്ന തോന്നൽ എന്റെ മനസ്സിനെ വല്ലാതെ വീർപ്പ്മുട്ടിച്ചു.പതിയെ ഞാൻ അതിനോട് പൊരുത്തപ്പെട്ടു അപ്പോഴാണ് അമ്മ പറഞ്ഞത് നമ്മുക്ക് എല്ലാവർക്കുംഅമ്മയുടെ വീട്ടിലേക്കും ഒന്നും പോവാം അപ്പോൾ ഞാൻ അമ്മ പോവുന്നുണ്ടോ? ഉണ്ട് നീ വേഗം ഡ്രസ്സ് എടുത്ത് വയ്ക്ക് എനിക്ക് വളരെ സന്തോഷമായി. ഞാൻ തുള്ളിച്ചാടി ഞാനും അമ്മയും അച്ചനും അങ്ങനെസ്കൂട്ടിയിലിരുന്ന് യാത്രചെയ്തു. ഏകദേശം ഒരു 11.00 ആകുമ്പോൾ കൊട്ടോടി എന്ന അമ്മയുടെ ഗ്രാമത്തിൽ എത്തി. ഏറ്റവും പ്രകൃതി ആസ്വദിക്കാൻ പറ്റുന്ന ഒരു നാടാണിത്. തെളിനീർ ഒഴുകുന്ന വെള്ളം, കൈവരിയുള്ള പാലം ഒക്കെ എന്നെ ആകർഷിച്ചു.വീട്ടിൽ കയറി ഇരുന്ന് അമ്മച്ചി ചായ ഇട്ട് എല്ലാവർക്കും തന്നു. ഞാൻ പുറത്തേക്ക് പോയി. അവിടെ എന്റെ ചേച്ചിയോടൊപ്പം കളിച്ചു. അപ്പോൾ പപ്പയുംഅമ്മയും ചായകുടിച്ചുകൊണ്ട് ഇരിക്കുകയാണ് "പൊന്നു വന്ന്എന്തെങ്കിലും കഴിക്ക് കുറെ നേരം യാത്ര ചെയ്തതല്ലേ ക്ഷീണം ഉണ്ടാവും" ഞാൻ മിണ്ടിയില്ല പിറ്റേദിവസം നല്ല അടിപൊളി സദ്യഒരുക്കിയിരുന്നു.ഞാൻവയറ് നിറയെ കഴിച്ചു . അപ്പോഴൊന്നും ഞാൻ എന്റെ കൂട്ടുകാരെ ഓർത്തില്ല. ഒരുപാട് സങ്കടം മനസ്സിൽ ഉണ്ടായിരുന്നു. ഞാൻ അമ്മയോട് യാത്ര പറഞ്ഞ് ഇറങ്ങി. അമ്മ വിഷമിച്ചു. "സാരം ഇല്ല മോളെ"

സോന.കെ.എസ് 9.a

# പുളിക്കാത്തമുന്തിരി

കിട്ടാത്ത മുന്തിരി പുളിക്കും എന്ന് ഒരു പഴഞ്ചൊല്ലുണ്ടല്ലോ. എന്നാൽ പുളിക്കാത്ത മുന്തിരിയുടെ കഥയുണ്ട് ഒരിക്കൽ ഒരു കുറുക്കൻ വിശപ്പുകൊണ്ടും ദാഹവും കൊണ്ട് വലഞ്ഞ് മുന്തിരി തോട്ടത്തിലൂടെ നടക്കുകയായിരുന്നു. മുകളിൽ മുന്തിരി വള്ളികളിൽ മുന്തിരിക്കുലകൾ തൂങ്ങിക്കിടക്കുന്നു. കുറുക്കൻ ചാടി നോക്കി. കിട്ടിയില്ല. വീണ്ടും ചാടി നോക്കി. കിട്ടിയില്ല. പിന്നെയും പിന്നെയും അവൻ ചാടി. ചാടിയതുകൊണ്ട് മുന്തിരികൾ തിന്നാൻ കിട്ടില്ല എന്ന് കുറുക്കന് മനസ്സിലായി. ഇനി എന്താണൊരു വഴി കുറുക്കൻ ചിന്തിച്ചു. അവൻ ചുറ്റും നോക്കി. അതാ ഒരു വലിയ കമ്പ് കിടക്കുന്നു അവൻ ആ കമ്പ് കയ്യിലെടുത്തു. അതു മുകളിലേക്ക് നീട്ടി മുന്തിരിയുടെ ഞെട്ടിൽ ആഞ്ഞടിച്ചു. മുന്തിരിക്കുല താഴെവീണു കുറുക്കൻ അതെടുത്ത് തിന്നു. നല്ല മധുരമുള്ള മുന്തിരി. കുറുക്കൻ പറഞ്ഞു. ബുദ്ധി ഉപയോഗിച്ച് കൊണ്ട് മുന്തിരി കിട്ടാത്തതിനെ കുറുക്കന് മുന്തിരിയെ കുറ്റം പറയേണ്ടി വന്നില്ല. എന്നിട്ട് അവൻ വീട്ടിലേക്കു പോയി.

അനന്യപിആർ

**3B**

# പ്രതിഭകളിലേക്ക്







# വിവിധ ക്ലബ്ബുകളുടെ പ്രവർത്തന റിപ്പോർട്ട്

ഈ വർഷത്തെ ഊർജ്ജ ക്ലബ്ബ് രൂപീകരണയോഗം 14/ 6/ 2019 ന് സ്കൂളിൽ ചേർന്നു. കൺവീനറായി സലോണി.ടി.വി യും ജോയിന്റ് കൺവീനറായി കീർത്തനയെയും തിരഞ്ഞെടുത്തു. ഊർജ്ജ സംരക്ഷണദിനവുമായി ബന്ധപ്പെട്ട് നടത്തിയ പോസ്റ്റർ രചനയിൽ അഭിൻരാജ് ഒന്നാം സ്ഥാനവും രഞ്ജിമ.ടി.കെ രണ്ടാം സ്ഥാനവും നേടി. ഊർജ്ജോൽസവത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ഒരു എനർജി ക്വിസ് സംഘടിപ്പിച്ചു. വിജയികൾ അഭിന ജെയിംസ് ,ശ്രീശാന്ത്.പി.സി.ഈവർഷത്തെ സയൻസ് ക്ലബ്ബ് രൂപീകരണ യോഗം 14/ 6/ 2019 ന് സ്കൂളിൽ ചേർന്നു. കൺവീനറായി അഭിൻരാജും ജോയിന്റ് കൺവീനറായി നന്ദനയും തിരഞ്ഞെടുക്കപ്പെട്ടു. ചാന്ദ്രദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട ക്വിസ് മൽസരത്തിൽ ശ്രീശാന്ത്.പി.സി ഒന്നാം സ്ഥാനവും സിദ്ധാർത്ഥ്.വി.കെ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ശാസ്ത്രോൽസവം ക്വിസ് സ്കൂൾ തല മൽസര വിജയികൾ അഭിന ജെയിംസ് ,വിസ്മയ.ടി.വി. വിജ്ഞാനോൽസവം ഹൈസ്കൂൾ തലം വിജയികൾ ഗോകുൽ.പി,ദീപക് ദിനേശ്, ശ്രീശാന്ത്.പി.സി, ആദിത്യൻ.പി,ശ്രേയസ്സ് പ്രസാദ്,എന്നിവർ യഥാക്രമം 1 മുതൽ 5 വരെയുള്ള സ്ഥാനം കരസ്ഥമാക്കി.

# സ്വാതന്ത്ര്യ ദിനാഘോഷം

ജി എച്ച് എസ് എസ് തായന്നൂർ

സ്വാതന്ത്ര്യ ദിനാഘോഷം 2019-20

ഈ വർഷത്തെ സ്വാതന്ത്ര്യ ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. 9.30 ന് അസംബ്ലിയോടെ പരിപാടി ആരംഭിച്ചു. പ്രിൻസിപ്പാൾ ശ്രീമതി ആനന്ദവല്ലി കെ ദേശീയപതാക ഉയർത്തി. സ്കൗട്ട് & ഗൈഡ് യൂണിറ്റ് പതാകാ ഗാനം ആലപിച്ചു . സ്വാതന്ത്ര്യ ദിന സന്ദേശം നൽകി കൊണ്ട് പ്രിൻസിപ്പാൾ ശ്രീമതി ആനന്ദവല്ലി കെ, ഹെഡ്മാസ്റ്റർ സെബാസ്റ്റ്യൻ മാത്യു , 3 B യിലെ അശ്വന്ത് ജനീഷ് എന്നിവർ സംസാരിച്ചു. ഇടർന്ന് ഹയർ സെക്കണ്ടറി വിഭാഗം പെൺകുട്ടികൾ ദേശഭക്തിഗാനം ആലപിച്ചു. പിന്നീട് സ്കൂൾ ഹാളിൽ യോഗം ചേർന്നു. LKG മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ ദേശഭക്തിഗാനാലാപനം, പ്രഭാഷണം എന്നിവ അവതരിപ്പിച്ചു. ഈ വർഷം ഇതുവരെ നടന്ന വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. മധുര പലഹാരവിതരണത്തോടെ യോഗം അവസാനിച്ചു.



## ദ്വിദിന ക്യാമ്പ്

ലിറ്റിൽ കൈറ്റിന്റെ സബ് ജില്ലാ ക്യാമ്പിന് ഞങ്ങളുടെ സ്കൂളിൽ നിന്ന് 5 പേരെ തിരഞ്ഞെടുത്തു. നവംബർ 22 , 23 എന്നീ ദിവസങ്ങളിലായി നടക്കുന്ന ദ്വിദിന ക്യാമ്പിന് ഞങ്ങൾ 5 പേരും (ആദിത്യൻ,സിദ്ധാർഥ്,ശ്രേയസ്സ്,അപർണ,കൃഷ്ണപ്രിയ) 9.00 യോടെ കക്കാട്ട് സ്കൂളിൽ എത്തി. മനസ്സിൽ ചെറിയൊരു ഭയവും അതോടൊപ്പം ഒരു കൊച്ചു പ്രതീക്ഷയും ഉണ്ടായിരുന്നു. രജിസ്റ്ററിൽ ഒപ്പിട്ട ശേഷം ഞങ്ങളെ ആനിമേഷൻ,പ്രോഗ്രാമിങ്ങ് എന്നിങ്ങനെ രണ്ടായി തരംതിരിച്ച് രണ്ട് ക്ലാസ്സുകളിൽ ഇരുത്തി. (ആദിത്യൻ,സിദ്ധാർഥ്,ശ്രേയസ്സ് എന്നിവർ ആനിമേഷനും അപർണ,കൃഷ്ണപ്രിയ പ്രോഗ്രാമിങും ) ഞങ്ങളെപ്പോലെ ഒരുപാട് സ്കൂളുകളിൽ നിന്നും കുട്ടികൾ വന്നിരുന്നു. അവരെയും അവരുടെ കഴിവുകളും പരിചയപ്പെട്ടു. പിന്നീട് ലാപ്പ്ടോപ്പ് എടുത്ത് പ്രവർത്തനങ്ങൾ ചെയ്യാനൊരുങ്ങി. ആദ്യം ഞങ്ങളെ ക്രിത (krita) എന്ന സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തി. ചിത്രങ്ങളുടെ പശ്ചാത്തലം മാറ്റാനും ചിത്രങ്ങളെ ആവശ്യാനുസരണം ചെറുതാക്കാനും ക്രിത സോഫ്റ്റ്‌വെയർ സഹായകമാണ്. പ്രോഗ്രാമിംഗിൽ പ്രധാനമായും സ്ക്രാച്ച് എന്ന സോഫ്റ്റ്‌വെയർ ഉൾപ്പെടുന്നു. പിന്നീട് ഞങ്ങളെ സ്ക്രാച്ച് സോഫ്റ്റ്‌വെയറിൽ വിവിധ തരം ഗെയിമുകൾ നിർമ്മിക്കാൻ പഠിപ്പിച്ചു. ഉച്ചഭക്ഷണം അവിടെ തന്നെ ഒരു ഹോട്ടലിൽ നിന്ന് വാങ്ങിത്തന്നു. ഭക്ഷണം കഴിച്ചതിനു ശേഷം വീണ്ടും സ്ക്രാച്ചിൽ ഗെയിമുകൾ ഉണ്ടാക്കി. ഒന്ന് വീട്ടിൽ നിന്ന് ചെയ്യാനായി പറഞ്ഞു. അന്ന് വൈകുന്നേരം ഞങ്ങൾ വീട്ടിലേക്കു പോയി. 22 ശനിയാഴ്ച്ച വീണ്ടും ഞങ്ങൾ 9.00 യോടെ കക്കാട്ട് സ്കൂളിലെത്തി ക്ലാസ്സിൽ കയറിയിരുന്നു. വീണ്ടും സ്ക്രാച്ച് ഗെയിമുകൾ ഉണ്ടാക്കി. സംശയങ്ങളൊക്കെ ചോദിച്ച് മനസ്സിലാക്കി. ഉച്ചയ്ക്ക് തലേ ദിവസം പോയ ഹോട്ടലിൽ പോയി ഭക്ഷണം കഴിച്ചു. തിരിച്ച് വന്ന് ഒരു മൊബൈൽ ഗെയിം പരിചയപ്പെട്ടു. അതിനു വേണ്ട നിർദേശങ്ങൾ ഓരോന്നായി അവിടെ ഉണ്ടായിരുന്ന സർ പറഞ്ഞുതന്നു. 4.00 യോടുകൂടി ഞങ്ങൾ ക്ലാസ്സിൽ നിന്ന് പുറത്തിറങ്ങി. ചായയും പഴംപൊരിയും കഴിച്ചു. ഞങ്ങൾ പ്രതീക്ഷ കൈവിടാതെ വീട്ടിലേക്കു തിരിച്ചു.

കൃഷ്ണപ്രിയ.ടി. വി
9.a

# പുഴയുടെ ഓർമ്മകൾ

ഞാൻ കളംകളം പാടിയങ്ങനെ ഒഴുകുകയായിരുന്നു പെട്ടെന്നാണ് പ്രകൃതിയുടെ സ്വഭാവം മാറിയത് അവളുടെ മുഖം ഇരുണ്ടു ശക്തമായ കാറ്റും മഴയും തുടങ്ങി ഞാനെപ്പോഴുംകുശലാന്വേഷണം നടത്താറുള്ള എന്റെ കൂട്ടുകാരിയായ വട്ടമരം എന്റെ ദേഹത്തേക്ക്ആർത്തലച്ചു വീണു. എന്റെ ദേഹം നന്നായി വേദനിച്ചെങ്കിലും ഞാനത് പുറത്തു കാട്ടാതെ വട്ടമരത്തെ ആശ്വസിപ്പിച്ചു. അപ്പോഴാണ് ഒരു മരം വെട്ടുകാരൻ കോടാലിയുംമറ്റുമായി അക്കരയ്ക്കു പോകാൻ വന്നത്. കടത്തു തോണിക്കാരനെ കാണാതെ അയാൾ അവിടെ അല്പനേരംനിന്നു. അപ്പോഴാണയാൾ എന്റെ ദേഹത്തു വീണു കിടക്കുന്നവട്ടമരത്തെ ശ്രദ്ധിച്ചത്. അയാൾ ആർത്തിയോടെ കോടാലിയുമായി നടന്നെത്തിയിട്ട് നിമിഷനേരം കൊണ്ട് വട്ടമരത്തെ എന്നിൽ നിന്നും മുറിച്ചു മാറ്റി മരക്കഷണങ്ങൾതീരത്ത് അടുക്കി വച്ചു. അപ്പോൾ എനിക്കാശ്വാസമായി. തടസ്സമില്ലാതെ ഒഴുകിക്കൊണ്ടിരുന്നു."അമ്മേ....." ഒരു കരച്ചിൽ കേട്ട് ഞാൻ തിരിഞ്ഞു നോക്കി. ഹോ, ആ മരംവെട്ടു കാരന്റെ **കാലിന് കോടാലികൊണ്ട് മുറിഞ്ഞിരിക്കുന്നു....ഒഴുകുന്നു ഞാൻ പിന്നെയും....................**

# ചാന്ദ്രദിനാചരണം

ജി എച്ച് എസ് എസ് തായന്നൂർ

ചാന്ദ്രദിനാചരണം 2019-20

ഈ വർഷത്തെ ചാന്ദ്രദിനം , പ്രത്യേക അസംബ്ലി, വിവിധ മത്സരങ്ങൾ, വീഡിയോ പ്രദർശനം എന്നിങ്ങനെ സമുചിതമായി ആചരിക്കാൻ തീരുമാനിച്ചിരുന്നു. UP വിഭാഗത്തിന് ചാന്ദ്രദിന ചുവർ പത്രിക നിർമ്മാണം , ക്വിസ്, വീഡിയോ പ്രദർശനം എന്നിവയും LP വിഭാഗത്തിന് ചാന്ദ്രദിന ക്വിസും, HS വിഭാഗത്തിന് ചാന്ദ്രദിനപ്പതിപ്പ് തയ്യാറാക്കൽ , ക്വിസ് , വീഡിയോ പ്രദർശനം എന്നിവയും നടത്തി. പ്രതികൂല കാലാവസ്ഥ മൂലം പ്രത്യേക അസംബ്ലി ചേരാൻ കഴിഞ്ഞില്ല.



# എലിയും പൂച്ചയും

ഒരു മാർജാരം വനഭ്രമാ രാത്രിയായി
ലിരയും തെണ്ടി നടക്കുന്നേരം
തരസാ ചെന്നൊരു വലയിൽ ചാടി
കരവും കാലുമിളക്കൻ മേല
പരവശനപ്പോൾ മ്യാവൂ മ്യാവൂ
കരപൂതം ചെയ്തവിടെ വലഞ്ഞു
അരികെയുള്ളൊരു പോട്ടിലിരിക്കും
പെരുതായുള്ളൊരു മൂഷികനപ്പോൾ
അരിയായുള്ളൊരു പൂച്ചത്തടിയൻ
കരയുന്നതു കേട്ടൊന്നു വിരണ്ടു
ഉരിയാടാതെ മഖം കാട്ടുന്നതു
മൊരുക്കുറി കണ്ടാൽ പൂച്ച
യുമ്മപ്പോൾ സരസതയോട്
വിളിച്ചാലവനെ പരവശനായി
ഞാൻ മൂഷികവീര വലയിൽ
ചാടി വലഞ്ഞിതു ഞാനൊരു
ഫലമില്ലാതെ മരിപ്പാറായി
എലിയും പൂച്ചയും മാന്യോന്യം
ബഹുകലഹി....

അർപ്പിത രാജൻ

**3B**

# ശാസ്ത്ര ജാലകം ക്യാമ്പ് (2019-20)

ശാസ്ത്രം അത് ഒരു മഹാ സാഗരമാണ്. ശാസ്ത്രം അതിന്റെ ജാലകങ്ങൾ തുറക്കുമ്പോൾ നാം അതിലേക്ക് ആഴ്ന്നിറങ്ങുന്നു. അതേ പോലൊരു സാഗരത്തിന്റെ കുഞ്ഞോളങ്ങൾ പഠിക്കാനും അറിയാനും വേണ്ടിയാണ് (NASC) നെഹ്റു ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET) നമുക്ക് വേണ്ടി ഒരു ജാലകം തുറന്നത് നവംബർ 8,9,10 തീയ്യതികളിൽ ഒരു റെസിഡൻഷ്യൽ ക്യാമ്പ് രൂപത്തിലായിരുന്നു ഈ സയൻസ് പ്രോഗ്രാം. 3 ദിവസങ്ങളായി കെമിസ്ട്രി,ഫിസിക്സ്,ബയോളജി എന്നീ വിഷയങ്ങൾ നമുക്ക് കോളേജിലെ അധ്യാപകർ പറഞ്ഞു തന്നു. പിന്നെ മനോഹരവും അത്ഭുതകരവുമായ ലാബ് ഞങ്ങൾക്കു മുമ്പിൽ തുറന്നു തന്നു. പ്രോഗ്രാം വിശിഷ്ടാഥിതി നീലേശ്വരം മുനിസിപ്പൽ ചെയർമാൻ പ്രൊഫസർ കെ. പി ജയരാജൻ സർ ആയിരുന്നു. ക്യാമ്പിന്റെ ആദ്യ ദിനം കെമിസ്ട്രി ആയിരുന്നു. രസതന്ത്രത്തെ ഞങ്ങൾ മനസ്സിലാക്കി. പരീക്ഷണങ്ങൾ കണ്ടും ചെയ്തും ഒരുപാട് കാര്യങ്ങൾ അറിഞ്ഞു. രണ്ടാം ദിനം ഊർജതന്ത്രമായിരുന്നു. പ്രകാശത്തിന്റെ പാതയും വൈദ്യുതിയുടെ ആകർഷണവും നമ്മൾ സ്കൂളിൽ പഠിച്ചതു കൊണ്ട് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചു. ലാബിൽ വൈദ്യുതി ഉപയോഗിച്ചും മറ്റുമുള്ള ഒരു പാട് പരീക്ഷണ വസ്തുക്കൾ ഉണ്ടായിരുന്നു. ഞങ്ങൾക്കാകാംഷയായിരുന്നു. ഇതിന്റെയൊക്കെ പേരും ആവശ്യങ്ങളും അറിയാൻ മിടുക്കൻ കുട്ടികൾ എന്റെ കൂടെ ഉണ്ടായിരുന്നു. അവർക്ക് ഒരു പക്ഷേ ഇത് അറിയാമായിരിക്കാം. മൂന്നാമത്തെ ദിനത്തിൽ ഞങ്ങൾ കാത്തിരുന്നതും ഞങ്ങൾക്ക് പഠിക്കാൻ താൽപ്പര്യമുള്ളതുമായ വിഷയമാണ് ബയോളജി. മനുഷ്യശരീരത്തിലെ നാഡീഞരമ്പുകളും ഒക്കെ പഠിക്കാൻ രസമായിരുന്നു.

ആദ്യം സുവോളജി ആയിരുന്നു. സുവോളജി ലാബ് ആകർഷണീയമായിരുന്നു. ഞങ്ങൾക്ക് അത്ഭുതമായി തോന്നി. എത്ര പാമ്പുകൾ ഒർജിനലാണ്. പക്ഷികൾ മനുഷ്യക്കുഞ്ഞുങ്ങൾ, മനുഷ്യ അസ്ഥികൂടം എനിക്ക് കൗതുകം കൂടിവന്നു. പുറത്ത് പരീക്ഷണങ്ങളുമായ് വിവിധതരം മൈക്രോസ്കോപ്പുകൾ. മൂന്നാം ദിനത്തിലാണ് ക്യാമ്പ് അവസാനിക്കുന്നത്. ഞങ്ങൾക്കേറെ സങ്കടങ്ങളുണ്ടായിരുന്നു പുതിയ സുഹൃത്തുക്കളെ പിരിയാൻ. പക്ഷേ പുതിയ അറിവുകൾ ലഭിച്ചതിന് എനിക്ക് സന്തോഷവും ഉണ്ടായിരുന്നു.

സിദ്ധാർത്ഥ് .വി.കെ

**9.a**

ജി എച്ച് എസ് എസ് തായന്നൂർ

## വായനാ വാരാചരണവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും .



നമ്മുടെ സ്കൂളിന്റെ ഈ വർഷത്തെ വായനാ വാരത്തിന്റെയും, വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം, അധ്യാപകനും കവിയും പാട്ടുകാരനുമായ ശ്രീ ജിതേഷ് കമ്പല്ലൂർ നിർവഹിച്ചു. കുട്ടികളോടൊപ്പം ആടിയും പാടിയും കഥ പറഞ്ഞും കുട്ടികളെ പ്രോത്സാഹിപ്പിച്ചതോടൊപ്പം ഐക്യവും സ്നേഹവും ഉള്ളവരായി വളരാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു ,ഉദ്ഘാടകൻ. ഹെഡ്മാസ്റ്റർ സെബാസ്റ്റ്യൻ മാസ്റ്റർ സ്വാഗതമർപ്പിച്ച ചടങ്ങിൽ പിടിഎ പ്രസിഡണ്ട് ശ്രീ. എ സുരേഷ് അധ്യക്ഷത വഹിച്ചു.







# നല്ലമഴ

പെരു മഴ
കണ്ണീർ മഴ
പൂക്കൾ വിടർന്നു
മരങ്ങൾ ചാഞ്ഞു
കാർമേഘക്കൂട്ടങ്ങൾ ഓടി കളിക്കുന്നു
കുട്ടികൾ ആർത്തുല്ലസിക്കുന്നു
പാടവരമ്പ് കവിഞ്ഞൊഴുകുന്നു

-ആദിത്യ സജിത്ത്

**3B**

# ഗണിത ലാബിൽ നിന്ന്







# വേനലിൽ ഒരു മഴ

പച്ചപ്പിന്റെമടിത്തട്ടിൽ ഒരു വിശാലമായ ഗ്രാമമുണ്ടായിരുന്നു.കലകൾ ആടി രസിക്കുന്ന ഗ്രാമം മരങ്ങൾ പൂത്തും കായിച്ചുംനിന്ന് ഇളം കാറ്റിൽ ആടിയുലയുന്ന .കളകളം പാടി ഒഴുകുന്ന നദിമത്സ്യങ്ങൾതുള്ളികളിക്കുന്ന ഇതുകൊണ്ടുതന്നെ മനുഷ്യരെ ആകർഷിക്കുന്ന നാട് സന്തോഷത്തോടെ കാലം മുന്നോട്ട് പോയി പെട്ടെന്ന് അപ്രത്യക്ഷമായി സൂര്യന്റെ അസൂയ കൊണ്ടും വേനലിൽ ആ ഗ്രാമം പച്ചപ്പിൽ നിന്നകന്നു .പൂത്തുനിൽക്കുന്ന മരങ്ങളുടെ സന്തോഷം നിലച്ചു നദികൾ വറ്റിത്തുടങ്ങി പുഴ എന്നു പറയാനുള്ള സ്ഥിതി ഉണ്ടായിരുന്നില്ല .വെള്ളമില്ലാത്ത പുഴയിൽമീനുകൾ മരിച്ചുകിടക്കുന്നു .ഗ്രാമത്തിന്റെ പാൽപുഞ്ചിരി എക്കാലത്തേക്കും നിന്നു എന്നാണ് വിചാരിച്ചത് പെട്ടെന്ന് മാനംകറുത്തു മഴയുടെ വരവ് വേനലിനെ ഇല്ലാതാക്കി പച്ചപ്പിന്റെമടിത്തട്ടിലേക്ക് ഗ്രാമം വീണ്ടും എത്തിച്ചേർന്നു വാടിപ്പോയ ചെടികൾ ഉണർവ് വീണ്ടെടുത്തു .

***നയനാ കൃഷ്ണൻ***

***5A***

# ജ്യാമിതിയുടെ പിതാവ്

ഈജിപ്റ്റിൽ അലക്സാണ്ട്രിയ എന്ന പേരിൽ ഒട്ടേറെ ഗ്രന്ഥങ്ങൾ സഹിതം ടോളമി ഒരു വിജ്ഞാനകേന്ദ്രം സ്ഥാപിച്ചു.അവിടെ ഗണിതശാസ്ത്രം പഠിപ്പിക്കാൻ യൂക്ലിഡ് എന്ന ഗണിത ശാസ്ത്രജ്ഞനെയാണ് ചുമതലപ്പെടുത്തിയത്. ഗണിത ശാസ്ത്രത്തിൽ യൂക്ലീഡിനെ ഏറ്റവുംആകർഷിച്ചത് ജ്യാമിതിയായിരുന്നു. അന്ന് വരെ കണ്ടുപിടിക്കപ്പെട്ട ജ്യമിതിയ വസ്തുതകളെല്ലാം സമാഹരിച്ചും സ്വയം കണ്ടുപിടിത്തങ്ങൾ നടത്തിയും എലമെന്റ്സ് എന്ന ഒരു ഗ്രന്ഥസമുച്ചയം അദ്ദേഹം തയാറാക്കി. 13 വാല്യങ്ങിൽ തയാറാക്കിയ ഈ ഗ്രന്ഥം ഗണിത ശാസ്ത്രജ്ഞരുടെ ബൈബിൾ എന്നറിയപ്പെടുന്നു.ലോകത്തിലെ പ്രധാനപ്പെട്ട ഭാഷകളിലെല്ലാം ഇതിനു വിവർത്തനങ്ങളുണ്ടായിട്ടുണ്ട്. ആരാലും ചോദ്യം ചെയ്യപ്പെടാതെ രണ്ടായിരത്തോളം വർഷം ഈ ഗ്രന്ഥം ആധികാരികമായി വിരാജിച്ചിരുന്നു.ജ്യാമിതിക്കു നൽകിയ സേവനങ്ങളെ ആരാധിച്ച് യൂക്ലീഡിനെ ജ്യാമിതിയുടെ പിതാവ് എന്നു വിളിക്കുന്നു.

GHSS തായന്നൂർ

# വായനാവാരാചരണം 2019

## റിപ്പോർട്ട്



ഈ വർഷത്തെ വായനാരാചരണത്തിന് ജൂൺ 19 ബുധനാഴ്ച അസംബ്ലിയോടെ തുടക്കമായി. അടുത്ത കാലത്ത് തായന്നൂർ സ്കൂൾ ലൈബ്രറിയിൽ നിന്നും എടുത്ത, മഹാശ്വേതാദേവിയുടെ പ്രഥമ പ്രതിശ്രുതി എന്ന നോവലിന്റെ വായനാനുഭവം പങ്കുവെച്ച് കൊണ്ട് പ്രിൻസിപ്പാൾ ആനന്ദവല്ലിടീച്ചറും, ഒരു പുസ്തക വായന നൽകുന്ന ആസ്വാദനം e - reading ന് നൽകാൻ കഴിയില്ലെന്ന് ഓർമ്മിപ്പിച്ച് കൊണ്ട് ഹെഡ് മാസ്റ്റർ സെബാസ്റ്റ്യൻ മാഷും വായനാദിന സന്ദേശം നല്കി.ഒമ്പതാം ക്ലാസ്സിലെ ശ്രീശാന്ത് പി സി വായനാദിനപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.പത്താം ക്ലാസ്സിലെ അജിന ജെയിംസ് സ്വാമിയും കൂട്ടുകാരും എന്ന നോവലിന്റെയും ,ഏഴാം ക്ലാസ്സിലെ സനിഷ എൻ ,അജിത് കുമാറിന്റെ ഒറ്റത്തുള്ളിപ്പെയ്ത്ത് എന്ന കവിതാ സമാഹാരത്തിന്റെയും പ്ലസ് ട വിലെ കാർത്തിക എം ഗോപി ഹെർമ്മൻ ഹെസ്സെയുടെ സിദ്ധാർഥ എന്ന നോവലിന്റെയും വായനാനുഭവം സഹപാഠികളുമായി പങ്കുവെച്ചു.

പത്താം ക്ലാസ്സിലെ കീർത്തന സുരേഷ് പി.എൻ പണിക്കർ അനുസ്മരണം നടത്തി.പ്ലസ്സുവിലെ ശിവാനി കൃഷ്ണ വായനാദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇംഗ്ലീഷിൽ സംസാരിച്ചത് ഒരു വ്യത്യസ്തതയായി. ക്ലാസ്സ് ലൈബ്രറിക്കായി ഷിനോ മാസ്റ്റർ തയ്യാറാക്കിയ റാക്കിന്റെ ഉദ്ഘാടനം ആനന്ദവല്ലിടീച്ചർ നിർവ്വഹിച്ചു. സ്കൂൾ ലൈബ്രറിയുമായി ബന്ധപ്പെട്ട് യു.പി ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ പുസ്തകാസ്വാദന മത്സരത്തിൽ വിജയികളായ ഗോപിക.പി, രേഷ്മ പി സുകന്യ കെ എന്നിവർക്കുള്ള സമ്മാനങ്ങളും ചടങ്ങിൽ വിതരണം ചെയ്യപ്പെട്ടു.











# അറിവിന്റെ ജാലകം

## പൈയുടെ വില

*പുരാതന കാലം മുതൽ പൈയുടെ വില വിവിധ രാജ്യങ്ങളിലെ ഗണിത ശാസ്ത്രജ്ഞൻമാർ പലവിധത്തിൽ കണക്കാക്കിയിരുന്നു. പൈയുടെ വില അനേകം ദശാംശസ്ഥാനങ്ങൾക്ക് ശരിയായി കണ്ടെത്തിയിട്ടുണ്ട് = 3.141592653589793238...ആണെന്നു പറയാം. ഇവിടെ ദശാംശസ്ഥാനത്തെ അക്കങ്ങൾ അവസാനിക്കുന്നില്ല. അതുപോലെ അക്കങ്ങളോ അക്കങ്ങളുടെ കൂട്ടങ്ങളോ ആവർത്തിക്കുന്നുമില്ല. 22/7 = 3.142857 രണ്ട് ദശാംശ സ്ഥാനങ്ങൾക്ക് ശരിയാണ്. പ്രായോഗികാവശ്യങ്ങൾക്ക് 3.14 എന്ന വില ഉപയോഗിക്കുന്നു.*

## മുൻപേ നടന്ന ഭാരതീയൻ

ഇന്ത്യക്ക് മികച്ച ഗണിതശാസ്ത്ര പൈതൃകമുണ്ട്. ഗണിതശാസ്ത്രം ജ്യോതിശാസ്ത്രവുമായി ബന്ധപ്പെട്ടാണ് വികാസം പ്രാപിച്ചിരുന്നത്. ഗണിതശാസ്ത്രത്തിനു ഭാരതീയൻ നൽകിയിരുന്ന പ്രാധാന്യം,

യഥാശിഖാ മയൂരാണോ
നാഗാനാം മണയോ തഥാ
തദ് വദ് വേദാംഗശാസ്ത്രാണം
ഗണിതം മൂർധനി സ്ഥിത

എന്ന വരികൾ നിന്നു മനസ്സിലാക്കാം. മയിലിന്റെ ശിരസ്സിൽ പീലിക്കും നാഗങ്ങളുടെ ശിരസ്സിൽ രത്നങ്ങൾക്കുമുള്ള സ്ഥാനമാണ് ഗണിതത്തിനു കൽപ്പിച്ചിട്ടുള്ളതെന്നാണ് ഈ വരികളുടെ അർഥം.

ഇന്നു പൈഥഗോറസ്സിന്റേത് എന്നറിയപ്പെടുന്ന സിദ്ധാന്തത്തിന്റെ വസ്തുത അദ്ദേഹം ജനിക്കുന്നതിനു അഞ്ഞൂറ്
വർഷം മുൻപെങ്കിലും ഭാരതീയർക്കറിയാമായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്.

പുരാതന ഭാരതത്തിൽ ജ്യാമിതി ശുൽബസൂത്രങ്ങൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ശുൽബം എന്ന വാക്കിന് ചരട്, നൂൽ, കയർ എന്നൊക്കെ അർഥം കൽപ്പിക്കാം. ജ്യാമിതീയ ചിത്രങ്ങൾ വരക്കാൻ ചരടുകൾ ഉപയോഗിച്ചതുകൊണ്ടാണ് ജ്യാമിതിക്ക് ഈ പേര് ലഭിച്ചത്. ബൗധായനൻ, കാത്യായനൻ, ആപസ്തംഭൻ, മാനവൻ എന്നിവരാണ് പ്രധാന ശുൽബസൂത്രകർത്താക്കൾ.

ഏറ്റവും പുരാതനവും ഏറ്റവും വലുതുമായ ശുൽബസൂത്രം ബൗധായന ശുൽബസൂത്രമാണ്. ഇത് ക്രിസ്തുവിനു മുൻപ് 600 നും 500 നും ഇടയ്ക്ക് രചിച്ചുവെന്നു വിശ്വസിക്കപ്പെടുന്നു. മൂന്ന് അധ്യായങ്ങളിലായി 525 സൂത്രങ്ങളാണ് ഇതിലുള്ളത്.

യജ്ഞവേദികളുടെ ആപേക്ഷിക സ്ഥാനങ്ങളെപ്പറ്റിയും അവയുടെ അളവുകളെപ്പറ്റിയും യജ്ഞവേദികൾ നിർമ്മിക്കാനാവശ്യമായ ജ്യാമിതീയ തത്ത്വങ്ങളെപ്പറ്റിയും ഇതിൽ കാണാം. 2, 3 എന്നിവയുടെ വളരെസൂക്ഷ്മമായ വിലകൾ ശുൽബസൂത്രങ്ങളിലുണ്ട്.


ആര്യഭട്ടൻ, ഭാസ്കരൻ, വരാഹമിഹിരൻ തുടങ്ങിയ മിക്ക ഭാരതീയ ഗണിതശാസ്ത്രജ്ഞരും ജ്യാമിതി കൈകാര്യം ചെയ്തിരുന്നു.

***ജ്യാമിതിയുടെ ഒരു വിഭാഗമായ ത്രികോണമിതിയിലെ ഒരംശബന്ധത്തിന് ആദ്യമായി പേരു നൽകിയത് ആര്യഭട്ടയായിരുന്നു.***

GHSS തായന്നൂർ

# ബഷീർ അനുസ്മരണം

കഥകളുടെ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനം ജൂലൈ 5 സമുചിതമായി ആചരിച്ചു. രാവിലെ ചേർന്ന അസംബ്ലിയിൽ സീനിയർ അസിസ്റ്റന്റ് ഷിനോ മാസ്റ്ററും മധു കുമാർ മാസ്റ്ററും കുട്ടികളെ അഭിസംബോധന ചെയ്തു സംസാരിച്ചു. 5 B ക്ലാസ്സിലെ അരുണിമ രാജ് ബഷീർ അനുസ്മരണം നടത്തി. ലൈബ്രറിയിലെ ബഷീർ പുസ്തകങ്ങളുടെ പ്രദർശനം ശ്രദ്ധേയമായി. ദിനാചരണത്തിന്റെ ഭാഗമായി ബഷീർ സാഹിത്യ ക്വിസ് ,കുട്ടികൾ വരച്ച, ബഷീറിന്റെയും, ബഷീർ കഥാപാത്രങ്ങളുടെയും ചിത്രങ്ങളുടെ പ്രദർശനവും നടന്നു.











# ശ്രീനിവാസ രാമാനുജൻ

കഷ്ടപ്പാട് നിറഞ്ഞ ജീവിതയാത്രക്കിടയിലും അക്കങ്ങളുടെ രാജകുമാരനായി വിരാചിച്ച് വൻ വിസ്മയങ്ങൾ സൃഷ്ടിച്ച ഇരുപതാം നൂറ്റാണ്ടിലെ മഹാനായ ഗണിത ശാസ്ത്രജ്ഞനാണ് ശ്രീനിവാസ രാമാനുജൻ. ഗണിത ശാസ്ത്രലോകത്തിന് ഇനിയും നിർവ്വചിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരുപാട് സമസ്യകൾ ബാക്കിവച്ചിട്ടാണ് മുപ്പത്തിമൂന്നാം വയസ്സിൽ അദ്ദേഹം വിടപറഞ്ഞത്.

1887 ഡിസംബർ 22 ന തമിഴ്നാട്ടിലെ ഈറോഡിലുള്ള ഒരു നിർധന ബ്രാഹ്മണ കുടുംബത്തിൽ ശ്രീനിവാസ അയ്യങ്കാറുടെയും കോമളതാമ്മാളിന്റെയും പുത്രനായിട്ടാണ് ശ്രീനിവാസ രാമാനുജൻ ജനിച്ചത്. എസിനോപ്സിസ് ഓഫ് എലിമെന്ററി റിസൾട്ട്സ് ഇൻ പ്യൂവർ ആൻഡ് അപ്ലൈഡ് മാത്തമാറ്റിക്സ് എന്ന പുസ്തകം അദ്ദേഹത്തിന്റെ കയ്യിൽ കിട്ടാനിടയായി. 5000 ഗണിത സിദ്ധാന്തങ്ങൾ അടങ്ങിയ ഈ ഗ്രന്ഥം ഗണിത കൗതുകങ്ങളുടെ മായാപ്രപഞ്ചം രാമാനുജന മുൻപിൽ തുറന്നുകൊടുത്തു. പിന്നീട് സമസ്യകളുടെ കുരുക്കഴിക്കുന്നതിൽ മാത്രമായി അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവനും.

ടൗൺ ഹൈസ്കൂളിലെ പഠനത്തിനു ശേഷം സ്കോളർഷിപ്പോടുകൂടി രാമാനുജൻ കുംഭകോണം ഗവൺമെന്റ് കോളേജിൽ ചേർന്നു. ഗണിതം ഒഴിച്ചുള്ള വിഷയങ്ങളെ അവഗണിച്ചതിനാൽ ഒന്നാം വർഷ പരീക്ഷ ജയിക്കാനായില്ല. അതോടെ സ്കോളർഷിപ്പ് നഷ്ടമായി. അവിടത്തെ പഠനം മതിയാക്കേണ്ടിവന്നു. അൽപ്പനാൾ വീടുവിട്ടു ചുറ്റിത്തിരിഞ്ഞതിനു ശേഷം മദ്രാസിലെ പാച്ചിയപ്പ കോളേജിൽ ചേർന്ന് ഒന്നുകൂടി ശ്രമിച്ചുനോക്കി. അവിടെയും അതുതന്നെയായിരുന്നു ഫലം. വിഷമതകളുടെയും ദാരിദ്ര്യത്തിന്റെയും ഈ നാളുകളിൽ പോലും ഗണിതശാസ്ത്രാഭിനിവേശം കൈവിട്ടില്ല. പഠനഫലങ്ങളെല്ലാം കൃത്യമായി നോട്ടുബുക്കിൽ പകർത്തി സൂക്ഷിക്കുമായിരുന്നു.

***1909 ൽ ഒൻപതുകാരിയെ വിവാഹം ചെയ്തുഅതോടെ ഒരു വരുമാനമാർഗ്ഗം കണ്ടെത്താൻ നിർബന്ധിതനായി. 1912 ൽ മദ്രാസ് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ ഒരു താത്ക്കാലിക ജോലി തരപ്പെട്ടു. പിന്നീട് മദ്രാസ് പോ ്ട്രസ്റ്റിൽ ക്ലാർക്കായി.***

# ഗാന്ധി ജയന്തി ദിനാചരണം

## ഗാന്ധി ജയന്തി ദിനാചരണം



നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികം വ്യത്യസ്തമായ പരിപാടികളോടെ ആഘോഷിച്ചു.
9.30 ന് ചേർന്ന അസംബ്ലിയിൽ , ഗാന്ധിജിയുടെ ജീവിതത്തിലെ അവിസ്മരണീയ സംഭവങ്ങൾ അനുസ്മരിച്ചു കൊണ്ട് ബഹു. ഹെഡ്മാസ്റ്റർ സെബാസ്റ്റ്യൻ മാത്യു സാറും വിദ്യാർഥികളായ അഞ്ജന രാജും കാർത്തിക എം ഗോപിയും ഗാന്ധി അനുസ്മരണ പ്രഭാഷണം നടത്തി.
അസംബ്ലിയിൽ പൊതുവായി ഗാന്ധിജീവിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ച് മധുകുമാർ മാഷ് കുട്ടികൾക്ക് പുതിയൊരു ക്വിസ് അനുഭവം നൽകി.
മിഥുല എം ടി, ഗോപിക പി, ശ്രീനന്ദ് പി സി, സാനിയ ടി, ശിവനന്ദ എം ഇടങ്ങിയവർ ജേതാക്കളായി.
ഓൺ ദ സ്പോട്ട് ചിത്രരചനാ മത്സരമായിരുന്നു,
ആകർഷണീയമായ മറ്റൊരിനം .8B യിലെ അഭിരാം എസ് സുബ്രഹ്മണ്യൻ 2 മിനുട്ട് കൊണ്ട് ഗാന്ധിജിയുടെ മനോഹര ചിത്രം വരച്ച് വിജയിയായി.
അസംബ്ലിക്കു ശേഷം സേവന ദിനമായി ആചരിച്ചു കൊണ്ട് കുട്ടികളും അധ്യാപകരും സ്കൂൾ പരിസരം വൃത്തിയാക്കുന്ന ജോലിയിലേർപ്പെട്ടു.
ഉച്ചഭക്ഷണക്കമ്മിറ്റിയുടെ നേതൃത്വത്തിൽ കുട്ടികൾക്ക് ലഘുഭക്ഷണം നൽകി.







# ലിറ്റിൽകൈറ്റ്സ് ഏകദിനക്യാമ്പ്

എട്ടാംതരം







# അമ്മ

സൂര്യന മുൻപ് ഉറക്കമുണരുന്ന
സൗഭാഗ്യനിധിയാണെന്നമ്മ
വാത്സല്യതേരാണെന്നമ്മ
പൂക്കളെക്കാളും  മണമുള്ള അഴകുള്ള
സൗന്ദര്യ ഭാഷ്യമാണെന്നമ്മ
മുറ്റത്തെ തുളസിപോലെ ഐശ്വര്യഗാന്ധിയാണെന്നമ്മ
താമരപൂവിന്റെ ഇതൾപോലെയുള്ളൊരു
കണ്ണുണ്ട് എന്റെഅമ്മയ്ക്ക്
അമ്മ എന്ന രണ്ടക്ഷരം ആദ്യം ചൊല്ലിതന്ന
ഗുരുനാഥനെ ഓർക്കുന്നു ഞാൻ
അകലെ കിനാവിന്റെ അരികിലെന്നമ്മ
ഉണ്ടെന്ന് തോന്നുന്നു എനിക്കിന്ന്
എത്ര അകലെ പോയാലും
അമ്മ എന്റെ മനസ്സിലുണ്ടെന്നമ്മ
അമ്മയുടെ സ്നേഹവും വാത്സ്യവും വഴക്ക്പറയലും
തിരികെ വരാൻ കൊതിക്കുന്നു ഞാൻ
എന്നമ്മ പൊന്നമ്മ ശ്രീലക്ഷ്മി അമ്മ

ചിൻമയ.കെ   9a

# രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ബോധവൽക്കരണ ക്ലാസ്സ്

ജി എച്ച് എസ് എസ് തായന്നൂർ

രക്ഷിതാക്കൾക്കായുള്ള ബോധവൽക്കരണ ക്ലാസ്സ്.

23.09. 2019 തിങ്കളാഴ്ച , ബി ആർ സി യുടെ ആഭിമുഖ്യത്തിൽ യു പി വിഭാഗം കുട്ടികളുടെ രക്ഷിതാക്കൾക്കായി ബോധവൽക്കരണക്ലാസ് നടന്നു. ബി ആർ സി ട്രെയിനർ പി രാജഗോപാലൻ മാഷ് ക്ലാസ്സ് നയിച്ചു.

നമ്മുടെ സമൂഹത്തിൽ പല തരത്തിലുള്ള രക്ഷിതാക്കളുണ്ട്. കുട്ടികളെ നന്നായി ശ്രദ്ധിക്കുന്നവർ, തീരെ ശ്രദ്ധിക്കാത്തവർ , കുട്ടികളുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കാത്തവർ, ശാസിക്കേണ്ടിടത്തു ശാസിച്ചും, സ്നേഹിക്കേണ്ടിടത്തു സ്നേഹിച്ചും വളർത്തുന്നവർ, എന്നിങ്ങനെ. ഇവരിൽ നാലാമത്തെ തരത്തിലുള്ള രക്ഷിതാവായിരിക്കാനാണ് നമ്മളോരോരുത്തരും ശ്രമിക്കേണ്ടതെന്ന് ട്രെയിനർ വിശദീകരിച്ചു.

ഇക്കാലഘട്ടത്തിൽ ഒഴിച്ചുകൂടാനാവാത്തതും കുട്ടികളിൽ വിപരീതഫലമുണ്ടാക്കാവുന്നതുമായ മൊബൈൽ ഫോണിന്റെ ഉപയോഗമായിരുന്നു ക്ലാസ്സിന്റെ ഒരു പ്രധാനവിഷയം. മൊബൈൽ ഫോണിന്റെ അമിതോപയോഗം കുട്ടികളിലുണ്ടാക്കുന്ന പ്രശ്നങ്ങൾ അദ്ദേഹം വിശദീകരിച്ചു. ഇരുപത്തൊന്നു വയസ്സു വരെ അതായത് സാമാന്യവിവേകം ഉണ്ടാകുന്നതുവരെ കുട്ടികൾ ഫോൺ ഒഴിവാക്കണമെന്നും , മൂന്നു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് കൂടുതൽ ദോഷം ചെയ്യുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നതെന്നും പറഞ്ഞു.

വായനയുടെ പ്രാധാന്യമായിരുന്നു മറ്റൊരു വിഷയം. ഫോണിന്റെയും ടെലിവിഷന്റെയും വരവ് പുതുതലമുറയുടെ വായനാ താല്പര്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും , വായനാശീലം പരിപോഷിക്കപ്പെടണമെന്നും അദ്ദേഹം രക്ഷിതാക്കളെ ഉദ്ബോധിപ്പിച്ചു.



അധ്യാപകരായ ശ്രീജിത്ത് എം സ്വാഗതവും റെസി ജോർജ് നന്ദിയും ആശംസിച്ചു.



# കുഞ്ഞുഭാവനകൾ

















2A
2A































DeepikaP


വൃക്ക
By
7B

































## Alphabetical Index


3.14............52
LAYS,COLA............27
NASC)............44
............22
ബേള്ളൂർ ഗ്രാമപഞ്ചായത്ത്............4
............5p., 8, 22pp.
............7
ഉദയക്ലബ്ബ്............15
കോരൻ മാസ്റ്റർ............14
ചാക്കോ............15
നെരോത്തു കാവിൽ............19
-രംഗമണ്ഡപം............18
.കയ്യൂർ............16
(നെഹ്റു കൾചറൽ സെൻറർ............19
അക്ഷരവെളിച്ചമേകി പ്രവേശനോത്സവം............20
അട്ടക്കണ്ടം............13
അനുഷ്ഠാനകലയായ തെയ്യം............19
അനുഷ്ഠാനകലയായ തെയ്യം മതസൗഹാർദ്ദത്തിനു............19
അന്നക്കുട്ടി പുഷ്പഭവന്............15
അന്നക്കുട്ടി പുഷ്പഭവൻ............15
അന്വേഷണാത്മകവുമാക്കുന്ന............12
അയ്യങ്കാവ്............13
അലക്സാണ്ട്രിയ............50
ആലത്തടി മല്ലൂർ തറവാട്ടു............14
ഇന്നലെകൾ............13
ഇസ്ലാം............19
ഉച്ചഭക്ഷണം............14
ഉദയക്ലബ്ബ്............15
എട്ടുപൊതിപ്പാട്,............13
എഡിറ്റോറിയൽ............8
എണ്ണപ്പാറ............13
എണ്ണപ്പാറ, പനയാർകുന്ന്, സർക്കാരി, അട്ടക്കണ്ടം, ചെറളം, എട്ടുപൊതിപ്പാട്, ബഡൂർ, തൊട്ടിലായി, വേങ്ങച്ചേരി, കുറ്റിയടുക്കം, പേരിയ വെണ്ണിക്കുന്ന്, അയ്യങ്കാവ്, പറക്കളായി, കാലിച്ചാനടുക്കം,............13
എനർജി............39
എരുതുകളി,............18
എരുതുകളി, മറത്തുകളി, മരമീടൻ, മംഗലംകളി............18

ഐെക്കിവീട്,..........18
ഐെക്കിവീട്, മുളങ്ങാട്ടിൽ..........18
ഔഷധ സസ്യങ്ങളുടെയും..........19
കയ്യൂർ..........16
കലാസമിതിയുമായി..........18
കവുങ്ങിൻതടിയും..........17
കാലിച്ചാനടുക്കം,..........13
കാവിൽ..........19
കുഞ്ഞമ്പുനായരായിരുന്നു..........17
കുഞ്ഞമ്പുനായർ..........15
കുഞ്ഞമ്പുനായർ, നാരായണൻ നമ്പീശൻ,..........15
കുറ്റിയടുക്കം,..........13
കോടോം ബേളൂർ..........13
കോരൻ മാസ്റ്റർ..........14
ക്രിസ്ത്യൻ..........19
ക്രിസ്ത്യൻ, ഇസ്ലാം..........19
ഗോവിന്ദപ്പൊതുവാളായിരുന്നു..........14
ചക്രവാളത്തിൽ..........30
ചാക്കോ..........15
ചെറളം..........13
ജന്മികുടുംബങ്ങൾ..........18
ജന്മികുടുംബങ്ങൾ വി..........18
ഡിജിറ്റൈസ്..........12
ഡിജിറ്റൈസ്..........12
തലമുറകൾക്ക്..........14
തലമുറകൾക്ക്..........14
തായന്നൂരിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-20..........9
തായന്നൂർ..........18
തൊട്ടിലായി..........13
ദുർഗയിലോ..........15
ദുർഗയിലോ..........15
നാരായണൻ നമ്പീശൻ..........15
നാരായണൻ നമ്പീശൻ മാസ്റ്ററിനു..........17
നെരോത്തു..........19
നെഹ്റു കൾചറൽ സെൻറർ..........19
പത്തായപ്പക്ഷിയെയും..........19
പത്തായപ്പക്ഷിയെയും..........19

പനയാർകുന്ന്...13
പയ്യന്നൂരിൽ...17
പയ്യന്നൂരിൽ വിദ്യാമന്ദിർ കോളേജ്...17
പറക്കളായി...13
പി ടി എ പ്രസിഡന്റ്...4
പി ടി എ പ്രസിഡന്റ്...4
പൂരക്കളി...18
പേരിയ...13
പ്രാഥമിക ആരോഗ്യകേന്ദ്രം...17
ബഡൂർ,...13
ബേളൂർ ഗ്രാമപഞ്ചായത്ത്...4
ബേളൂർ വില്ലേജിൽ...18
മംഗലംകളി...18
മതസൗഹാർദ്ദത്തിനു...19
മരമീടൻ...18
മറത്തുകളി,...18
മുളങ്ങാട്ടിൽ...18
യൂണിറ്റ് അംഗങ്ങളുടെ...9
രംഗമണ്ഡപം സുകുമാരൻനായർ...18
രാജാസ്സിലോ...15
രാജാസ്സിലോ,...15
*ലോക പരിസ്ഥിതി ദിനം ജൂൺ 5*...22
വാശിയും...19
വിദ്യാമന്ദിർ കോളേജ്...17
വിദ്യാലയം...13
വിവര വിനിമയ സാങ്കേതിക വിദ്യ...12
വിവര വിനിമയ സാങ്കേതിക വിദ്യയു...12
വിവരസാങ്കേതിക...4
വിവരസാങ്കേതിക...4
വെള്ളിക്കുന്ന്,...13
വേങ്ങച്ചേരി,...13
വേഡ് പ്രൊസസ്സർ...12
വൈദഗ്ധ്യവുമുള്ള...12
വ്യക്തിമുദ്ര...19
ശതാബ്ദിയുടെ...14
ശ്രീ.എ.എം. നാരായണൻ നമ്പീശൻ...17
ശ്രീ.കുടുക്കവളപ്പ്...17

ശ്രീ.കുട്ടക്കവളപ്പ് കുഞ്ഞനുനായരായിരുന്നു.......17
ശ്രീ.രംഗമണ്ഡപം സുകുമാരൻനായർ.......19
ശ്രീ.രംഗമണ്ഡപം സുകുമാരൻനായർ,.......19
സർക്കാരി,.......13
സർഗ്ഗവാസനകള്.......4
സഹപാഠികളായിരുന്നു.......17
സാംസ്കാരിക കേന്ദ്രങ്ങൾ.......14
സാംസ്കാരികരംഗം.......18
സുകുമാരൻനായർ.......18
സൗഭാഗ്യനിധി.......58
ഹിന്ദി.......17
ഹിന്ദുമതവിശ്വാസികള്.......19
ഹെഡ്മാസ്റ്റർ.......5

# നന്ദി